Mar Gregorios Orthodox Maha Edavaka - Muscat

# Vineyard

PARISH BULLETIN

Edition 2020-2021 • Vol-01



• Articles • Faith Study • Tribute • Health Care
• Ladies Corner • Kids Zone • News

# St. Mary, Mother of God, Pray for Us!



*Inserted by:*

**Boban Mathew Thomas, Bincy Philip, Bimal, Mariam & Basel**

**Edappallipparampil, Niranam North**

# CONTENTS


- Message .............................. 4–5
- Faith Study .............................. 6
- Articles .............................. 7–14
- Tribute .............................. 15
- Health Care .............................. 16
- Ladies Corner .............................. 17
- Kids Zone .............................. 18–19
- News .............................. 20-22



## PUBLICATION OFFICIALS

**PRESIDENT / VICAR**
Rev. Fr. P.O. Mathai

**ASSOCIATE VICAR**
Rev. Fr. Bejoy Varghese

**HON. TRUSTEE**
Sabu Koshy

**HON. CO–TRUSTEE**
Koshy M. Tharakan

**HON. SECRETARY**
Nidhin Chirathilattu

## VINEYARD COMMITTEE

**GENERAL CONVENOR**
Manoj Mathew

**EDITOR-IN-CHIEF**
Sam Philip

**EDITORIAL BOARD MEMBERS**
Biju Varghese
Akash Mathew Varghese
Sara Mereena Mathew
Anu Willson

**FINANCE**
Biju John
Saji John

**EMAIL**
mgomevineyard@gmail.com

**ONLINE PUBLICATION**
www.mgomemuscat.com/vineyard




# “എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും”

(ലൂക്കോസ് 1:48)

പ്രവചനപൂർത്തീകരണത്തിനു കാത്തിരുന്ന ദൈവജനതയിൽ നിന്നും സ്നേഹത്തിന്റെയും, താഴ്മയുടെയും, സമർപ്പണത്തിന്റെയും, സഹനത്തിന്റെയും, വിശുദ്ധ പ്രത്യാശയുടെയും നിറകുടമായതു കൊണ്ടുമാത്രമാണ് ദൈവപ്രസവിത്രി അഥവാ ദൈവമാതാവെന്ന അതുല്യ നാമത്തിനു മറിയം യോഗ്യയായത്.

സഭാപിതാക്കന്മാർ രേഖപ്പെടുത്തുന്നതുപോലെ “മാനവ ജാതിയുടെ രക്ഷക്കായി കർത്താവായ ദൈവം തമ്പുരാൻ ഈ ലോകത്തിലേക്കു വരുന്നതിനുള്ള സരണിയായിരുന്നു ശുദ്ധിമതിയായ കന്യകമറിയം. പാപത്തിൽ ആണ്ടുപോയ ജനതയെ വീണ്ടെടുക്കുന്നതിനായി ലോകത്തിലേക്കു വന്ന പുത്രനാം തമ്പുരാനെ വഹിച്ച ഗർഭപാത്രമാണ് മറിയം. യേശുക്രിസ്തുവിന്റെ ജനനം മുതൽ ക്രൂശാരോഹണം വരെ മറിയമിന്റെ പരിചരണവും ഇടപെടലും ത്യാഗവും സഹനവും കൊണ്ട് ഒരു അമ്മയുടെ വാത്സല്യത്തിനപ്പുറം ദൈവമാതാവിലേക്കുള്ള ആരോഹണം അന്വർത്ഥമാകുന്നതായിരുന്നു പരിശുദ്ധ കന്യകമറിയമിന്റെ ജീവിതം.

നസറേത്തിലെ ജോസഫിനു വിവാഹം നിശ്ചയിച്ചിരുന്ന മറിയം സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും നിഷ്കളങ്കതയുടെയും ഉത്തമ സാക്ഷ്യമായി. ദൈവീക അഭിവാദ്യം മറിയാമിനെ പോലെ ഭയത്തിന്റെയും ആശങ്കയുടെയും മുൾമുനയിലായിരുന്നു. “കൃപ ലഭിച്ചവളേ നിനക്കു വന്ദനം കർത്താവു നിന്നോടു കൂടെ ഉണ്ട്” (ലൂക്കോസ് 1:28–30) ആ ദൈവീക വിളിയിൽ പിതാവാം ദൈവത്തിന്റെ സ്നേഹവും, കരുതലും, പ്രീതിയും, വിശ്വാസവും, പതിമൂന്നു വയസ്സുള്ള ആ നിഷകളങ്കയായ ബാലികയിൽ നിന്നും എല്ലാ തലമുറകളും വാഴ്ത്തുവാൻ തക്കവണ്ണം ‘കർത്താവിന്റെ അമ്മ’ എന്ന പദവിലേക്കുള്ള ഉയർച്ചയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്.

ദൈവത്തിന്റെ പ്രീതിക്കു പാത്രമായവരെ തന്റെ പ്രവൃത്തികൾ ചെയ്യുന്നതിനായി ദൈവം തിരെഞ്ഞെടുക്കുന്നു. ദാവീദിന്റെ സിംഹാസനത്തിന്റെ നിത്യാവകാശിയായ പരമോന്നത പുത്രനെ ഗർഭം ധരിക്കുന്നതിനായി തനിക്കേറ്റവും പ്രിയങ്കരിയായ മറിയമിനെ ലോകത്തിലെ എല്ലാ സ്ത്രീകളേക്കാളും അനുഗ്രഹിക്കപ്പെട്ടവളായി തന്റെ അളവറ്റകരുണയാലും കൃപയാലും തെരെഞ്ഞെടുത്തു.

ഏതൊരു സാധാരണ വ്യക്തിയും ചോദിക്കുന്നതു പോലെ താൻ ഒരു കന്യകയാണെന്നും ഈ ദൈവീക പദ്ധതി എങ്ങനെ സാധ്യമാകുമെന്നു വളരെ നിഷ്കളങ്കഭാവത്തോടെ മറിയം ദൈവ ദൂതനോട് ചോദിക്കുന്നതായി നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നു. അസാധ്യകാര്യങ്ങളെ സാധ്യമാക്കുന്ന ഉയരങ്ങളിലെ ദൈവ വചനം തന്റെ ഉദരത്തിൽ ജഡമായി സാധാരണയിൽ സാധാരണയായ മറിയം ‘കർത്താവിന്റെ അമ്മ’എന്ന ഭാഗ്യാവസ്ഥയിലേക്ക് ഉയർത്തപ്പെട്ടു.

ഗബ്രിയേൽ മാലാഖയുടെ ദൂത്, ഒരു സാധാരണ ഇസ്രായേലി പെൺകുട്ടിക്ക് വലിയ വെല്ലുവിളിയായിരുന്നു. മരണകാരണമായ ശിക്ഷയ്ക്ക് വിധേയമാക്കപ്പെടുന്ന നിയമത്തിന് മുൻപിൽ പകച്ച് പോകാതെ, മറിയം ദൈവ കല്പനയിൽ ആശ്രയിച്ച് ആ വെല്ലുവിളി, “ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനപ്രകാരം എനിക്ക് ഭവിക്കട്ടേ” (ലൂക്കോസ്1:38). എന്ന് പറഞ്ഞുകൊണ്ട് ഏറ്റെടുത്തു. അങ്ങനെ ഈ അനുസരണവും വിധേയത്വവും പ്രഖ്യാപിക്കുന്നതിലൂടെ, “എല്ലാ തലമുറകളും ഭാഗ്യവതി എന്ന് വാഴ്ത്തുന്ന” വിശുദ്ധ കന്യക മറിയമിനെ ആണ് നമുക്കു കാണാൻ സാധിക്കുന്നത്.

ദൈവീക പദ്ധതി നടപ്പിലാകുന്നതിനു ഒരു അവിശ്വസ്തതയും കാണിക്കാതെയും താൻ വിവാഹിത അല്ലാഞ്ഞിട്ടും തന്റെ ഗർഭാവസ്ഥ മറ്റുള്ളവർ അറിഞ്ഞാലുണ്ടാവുന്ന അപമാനങ്ങളെക്കുറിച്ച് ഒരു സംശയവും കാണിക്കാതെയും ത്യാഗത്തോടും സഹനത്തോടും ദൈവീക പദ്ധതിക്കായി സ്വയം സമർപ്പിതമാക്കുന്ന മറിയമിനെയാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്.

അനിശ്ചിതത്വത്തിന്റെയും നിസ്സഹായതയുടെയും ഈ നാളുകളിൽ നമ്മുടെ ബലഹീനവും കുറവുള്ളതുമായ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ കേൾക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമാവട്ടെ. വിശേഷാൽ വിശുദ്ധ മറിയമിനെ സ്മരിക്കുന്ന ഈ നാളുകളിൽ ആ വിശുദ്ധയുടെ സംസർഗവും മദ്ധ്യസ്ഥതയും മൂലം നമ്മുടെ സ്തുതികളും സ്തോത്രങ്ങളും അപേക്ഷകളും മഹോന്നതങ്ങളിൽ എത്തും എന്ന് ഉറപ്പായും വിശ്വസിക്കാം. ദൈവമാതാവിന്റെ സ്മരണ നമുക്ക് ദൈവസന്നിധിയിൽ ധൈര്യവും ആശ്വാസവും കണ്ടെത്തുവാൻ നമ്മേ സഹായിക്കും.

“നിർത്തീടരുതേ, പരിശുദ്ധേ!
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രത തോന്നിടാ–
നേകാത്മജനോടർത്ഥിക്ക.”

– **സാം ഫിലിപ്പ്,**
*ചീഫ് എഡിറ്റർ*

# THE INDIAN ORTHODOX CHURCH

## (The Malankara Orthodox Syrian Church)

## Catholicate of the East

### *Diocese of Ahmedabad*



'Gandhi Smriti'
St. Thomas Bishop's House
Naroda- Ahmedabad
Gujarat, India - 382 330

By His Grace,
**Dr. Geevarghese Yulios**
**Metropolitan**

## Kalpana No: 53/20

**Blessings be upon the Vicar, Asst. Vicar, Managing Committee members, Vineyard Committee members and rest of the faithful of our Mar Gregorios Orthodox Maha-edavaka, Muscat!**

**Dearly Beloved,**

I am delighted to know that once again 'Vineyard'- the church magazine is coming up with a new issue. Vineyard editions are so special for me. They produce so much, with so little - for so many – for so long!

Our Priests often have years of training, stacks of books, and lots of other resources to help them preach to the people in their churches; and here it is, Vineyard- Our church magazine which often have the same advantages as a Christian teaching with both biblical and contextual references. This magazine has essays, creative writings and more such brilliant reveals, expressed by our own members- whom I would like to address as our budding ministers of this generation. I have known from our vicar, Mathai Achen, that Vineyard has indeed helped the people of this church to exhibit their talents with each other, which they could not do earlier. The Vineyard, I believe, can bravely go into homes where neither a priest or any faithful has gone before! This magazine is mode of gospel, the contents in this magazine is not exclusive to an Orthodox Christian community or merely for Christians, but for a global community, sharing the Word of God. In fact, your church magazine may be the only Christian contact that many people in your community will ever have. What an opportunity! Let's strive to make the most of it.

At the onset of preparing ourselves for the feast of St Mary, I express my wholehearted happiness on announcing the new edition of Vineyard.

**May God Almighty shower His abundant Blessings upon your faces; and may the unceasing intersession of St. Mary, the Mother of God, St. Thomas, our Apostle, and all Saints, Fathers and Departed be with us always!**

**Your Shepherd in Christ,**

*Camp:*
**Jyothis Ashram, Abu Road, Rajasthan**
**01 September 2020**

**+Be with Him and be like Him+**
**By His Grace, Dr. Geevarghese Yulios**
**Metropolitan, Diocese of Ahmedabad**

**Ph:** 0792 298 0253 (Off.) • **Mobile:** +91-962-446-1457(ADI), +91-944-738-3931(KER)
**URL:** moscad.in • **E-mail:** hgyulios@gmail.com • **FB:** hgyulios



# ദൈവവും മഹാമാരിയും

ഹിന്ദിഭാഷയിൽ ഒരു പഴമൊഴിയുണ്ട്. "ഭഗവാൻ ക ലാത്തി കോ ആവാസ് നഹിം ഹെ". ("ദൈവത്തിന്റെ അടിയ്ക്ക് ശബ്ദമില്ല"). വളരെ അർത്ഥമുള്ള വാക്യം. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിലാണ്. അങ്ങനെയാകുമ്പോൾ മനുഷ്യന്റെ രൂപം ദൈവത്തെ പോലെ തന്നെയാണ്. മനുഷ്യന് സ്വന്തമായി ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും, തീരുമാനമെടുക്കുവാനും, നടപ്പിലാക്കുവാനും സ്വാതന്ത്ര്യമുണ്ട്. മനുഷ്യന് സാധാരണ ജീവിത സാഹചര്യങ്ങളോട് അനുബന്ധിച്ചുള്ള ധാർമ്മീക നിലവാരം മനസ്സിലാക്കുവാൻ സാധിക്കും. നാം അറിഞ്ഞും അറിയാതെയും ആദിവാസികളെന്ന് തരംതാഴ്ത്തി പറയുന്ന വനാന്തരങ്ങളിൽ ജീവിക്കുന്ന മനുഷ്യനുപോലും അവരുടേതായ ധാർമ്മീക അവബോധമുണ്ട്. ധർമ്മ, നിർണ്ണയ ശേഷി, വർണ്ണ, ലിംഗ, ഭാഷ വ്യത്യാസങ്ങൾക്കതീതമാണ്.

ദൈവം നന്മയും, പ്രകാശവും, സ്നേഹവും, സത്യവുമാണ്. ഈശ്വര സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് സമൂഹത്തിലും വ്യക്തികളിലും ധർമ്മച്യുതിയുണ്ടാകുമ്പോൾ, ഈശ്വരഹിതമല്ലാത്ത പ്രവർത്തന ശൈലി ഉടലെടുക്കുമ്പോൾ അസന്തുലിതാവസ്ഥ സമൂഹത്തിൽ കൂടി വരുന്നത് മനസ്സിലാകും. സൃഷ്ടാവ് സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന വ്യതിയാനങ്ങൾ എല്ലാവരും അവർ ആഗ്രഹിക്കുന്നതുപോലെ പരിണമിക്കണമെന്നില്ല. സർവ്വശക്തനായ, സൃഷ്ടാവായ ദൈവത്തിന്റെ വ്യാപാരം അനേകർക്ക് വേദനയ്ക്ക് ഹേതുവാകാനിടയുണ്ട്. ഈ വേദനയും അപ്രതീക്ഷിതമായുള്ള സംഭവങ്ങളും, ദൈവ ദത്തവും ശബ്ദകോലാഹങ്ങളില്ലാതെയും ദൈവ ശിക്ഷയായും വന്നു ഭവിക്കുന്നു. ലോകത്തിന്റെ സന്തുലിതാവസ്ഥയ്ക്ക് ഇത് അനിവാര്യമാണ്.

ആധുനിക മനുഷ്യന് കൊവിഡ്–19 എന്ന സൂക്ഷ്മാണുവിനെ നിയന്ത്രിക്കുവാനോ നിവാരണം ചെയ്യുന്നതിനോ സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യത്തിന് മുൻപിൽ മനുഷ്യവർഗ്ഗം നിസ്സഹായരായി പകച്ചു നിൽക്കുകയാണ്. ഈ ബാധ പതിനായിരക്കണക്കിന് മനുഷ്യരെ ദിനംപ്രതി വേട്ടയാടുന്നു. സർവ്വചരാചരങ്ങളെയും പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സർവ്വവ്യാപിയായ, സർവ്വശക്തനായ ദൈവം അറിയാതെയല്ല കൊവിഡ്–19 എന്ന ബാധയും ഉണ്ടായിരിക്കുന്നത്. അനേകം സഹസ്രാബ്ദങ്ങൾക്ക് മുൻപ് എഴുതപ്പെട്ട ദൈവവചനം ഇപ്രകാരം പ്രഘോഷിക്കുന്നു. "യഹോവ രാത്രിയിൽ ശലോമോന് പ്രത്യക്ഷനായി അവനോട് അരുളിചെയ്തതെന്തെന്നാൽ ഞാൻ നിന്റെ പ്രാർത്ഥന കേട്ട് ഈ സ്ഥലം എനിക്ക് യാഗത്തിനുള്ള ആലയമായിട്ട് തിരഞ്ഞെടുത്തിരിക്കുന്നു. മഴ പെയ്യാതിരിക്കേണ്ടതിന് ഞാൻ ആകാശം അടയ്ക്കുകയോ, ദേശത്തെ തിന്നു മുടിക്കേണ്ടതിന് വെട്ടുകിളിയോട് കല്പിക്കുകയോ, എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ, എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തി കൊടുക്കും." (2 ദിനവൃത്താന്തം 7: 12–14). ഈ വചനം യഹോവയായ ദൈവം, മനുഷ്യരാശിക്ക് നൽകുന്ന മുന്നറിയിപ്പും വാഗ്ദത്തവുമാണ്.

മഴയില്ലാത്ത അവസ്ഥ, വെട്ടുകിളിയുടെ ഉപദ്രവം, മഹാമാരി തുടങ്ങിയ ബാധകൾ എന്നിവ ഉണ്ടാകും എന്നുള്ള മുന്നറിയിപ്പ് യഹോവ തന്നിരിക്കുന്നു. ഈ വക കഷ്ടതകളും ദുരവസ്ഥകളും വരാതിരിക്കുവാൻ, മാറിപ്പോകുവാൻ മനുഷ്യവർഗ്ഗം അനുവർത്തിക്കേണ്ട കാര്യങ്ങൾ യഹോവ ഈ വചനത്തിൽ കൂടി കല്പിക്കുന്നു. **1) യഹോവയെ അറിയണം. 2) മനുഷ്യന്റെ അഹങ്കാരം ഉപേക്ഷിക്കണം. 3) താഴ്മയോടു കൂടിയുള്ള ജീവിതശൈലി ഉണ്ടായിരിക്കണം. 4) യഹോവയോട് പ്രാർത്ഥിക്കണം. 5) പശ്ചാത്തപിക്കേണം. 6) ദുർമാർഗ്ഗങ്ങളെ വിട്ടുപിരിയണം.** മനുഷ്യ വർഗ്ഗം യഥാർത്ഥമായി അനുതപിച്ച് ദൈവത്തിലേക്ക് നോക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ യഹോവ എങ്ങനെ പ്രവർത്തിക്കുന്നു എന്നും ഈ വചനം നമ്മോട് അരുൾ ചെയ്യുന്നു. **1) യഹോവ തന്റെ ജനത്തിന്റെ പ്രാർത്ഥന സ്വർഗ്ഗത്തിൽ നിന്നും കേൾക്കും. 2) യഹോവ ജനത്തിന്റെ പാപം ക്ഷമിക്കും. 3) യഹോവ അവരുടെ ദേശത്തിന് അഥവ അവർക്ക് സൗഖ്യം കൊടുക്കും.**

ദൈവം ഈ വചനത്തിൽ കൂടി നമ്മോട് വളരെ ശക്തമായി ഇടപെടുന്നു. നാം അനുതപിച്ച് ദുർമാർഗ്ഗം വിട്ടുപിരിഞ്ഞ് ദൈവത്തോട് പ്രാർത്ഥിച്ചാൽ സർവ്വശക്തനായ ത്രിയേക ദൈവം നമ്മുടെ ലോകത്തിന്റെ ഈ ദുരവസ്ഥയിൽ നിന്നും മഹാമാരിയിൽ നിന്നുമുള്ള മോചനം നല്കും. ലോകത്തെ സൗഖ്യമാക്കും. ഇതല്ലാതെ വേറെ മാർഗ്ഗമില്ല. ദൈവസൃഷ്ടിയായ നാം സൃഷ്ടാവിങ്കലേക്ക് അടുത്തു ചെല്ലുക. ദൈവം നമ്മെ പരിപാലിക്കും. അനന്തമായി സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടി വസിക്കും.

നിങ്ങളുടെ,

**പി .ഒ മത്തായിയച്ചൻ**

---



കർത്താവിൽ പ്രിയരേ,

കൊവിഡ്–19 മഹാമാരിയുടെ കാലം സാമൂഹിക അകലം പാലിക്കുമ്പോളും മാനസികമായി വളരെ അടുത്തു നിന്നുകൊണ്ട് ദൈവസന്നിധിയിൽ നമ്മുടെ സഹോദരങ്ങൾക്കും ഈ സമൂഹത്തിനു വേണ്ടിയും ലോകജനതക്കുവേണ്ടിയും ഈ മഹാമാരി നീങ്ങി പോകുന്നതിനുവേണ്ടിയും അപേക്ഷിപ്പാനും, ദൈവസന്നിധിയിൽ ആയിരിപ്പാനും ഒപ്പം സമസൃഷ്ടികളെ കരുതേണ്ടതിന്റെ ആവശ്യകതയും നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഈ വിഷമഘട്ടത്തിലും നമ്മുടെ ഇടവക വികാരിയുടെയും സഹവികാരയുടെയും സഭയിലെ അഭിവന്ദ്യ മെത്രാപ്പോലീത്തമാരുടെയും വന്ദ്യ വൈദിക ശ്രേഷ്ഠരുടെയും മികച്ച ലേഖനങ്ങളും നമ്മുടെ ഇടവക അംഗങ്ങളുടെ മികച്ച കൃതികളും ഉൾപ്പെടുത്തി ഇടവകയുടെ പ്രസിദ്ധീകരണമായ വിനിയാർഡിന്റെ ഈ വർഷത്തെ ആദ്യ വാല്യം കോവിഡ് 19–ന്റെ പ്രേത്യക സാഹചര്യത്തിൽ ഓൺലൈനായി പുറത്തിറക്കുവാൻ സാധിക്കുന്നതിൽ സർവശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

താഴ്മയുടെയും ലാളിത്യത്തിന്റെയും ഉദാത്ത മാതൃകയും, ദൈവത്തിന്റെ മനുഷ്യാവതാരത്തിനു ദൈവം തിരഞ്ഞെടുത്തവളും ശുദ്ധിമതിയുമായ മറിയമിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ചു, വി. കന്യക മറിയം അമ്മയോടുള്ള മദ്ധ്യസ്ഥം തുളുമ്പുന്ന ലേഖനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ഇടവക ജനങ്ങൾക്ക് ആത്മീകവും മാനസികവുമായ ഉണർവിനും വി. കന്യക മറിയം അമ്മയുടെ ജീവിതം നമുക്ക് ആത്മദീപമായി പരിണമിക്കുകയും തദ്വാര ദൈവത്തിലേക്ക് അടുത്ത് ജീവിക്കുവാൻ ഇടവരുത്തുകയും ചെയ്താൽ ഈ ഉദ്യമം ധന്യമായി. ആയതിലേക്കു ചെറുതും വലുതുമായി സഹായിച്ച ഇടവക വികാരിമാർ ഇടവക ഭരണ സാരഥികൾ ചീഫ് എഡിറ്റർ ഇടവക മാനേജിങ് കമ്മറ്റി അംഗങ്ങൾ വിനയാർഡ് കമ്മറ്റി അംഗങ്ങൾ ഇടവക ജനങ്ങൾ എന്നിവരെ നന്ദിപുരസ്സരം സ്മരിക്കുന്നു.

സ്നേഹത്തോടെ,

**മനോജ് മാത്യു**, ***ജനറൽ കൺവീനർ***

# എന്റെ കർത്താവിന്റെ അമ്മ



— റവ. ഫാ. ബിജോയ് വർഗ്ഗീസ്, *അസ്സോ. വികാരി*, MGOME

### ആമുഖം

ദൈവ നിയോഗം പ്രാപിച്ചവളും, രണ്ടാം ഹവ്വയായി തീർന്നവളും, എല്ലാ മനുഷ്യരിലും വച്ച് ഭാഗ്യവതിയും തന്നിൽ നിന്നും പരിശുദ്ധ ത്രിത്വത്തിൽ രണ്ടാമനായ ദൈവം ജഢമെടുത്തതിനാൽ ദൈവ മാതാവുമായിത്തീർന്ന നിർമ്മല കന്യകയായ പരിശുദ്ധ കന്യക മറിയാമ്മിനെ കുറിച്ച് പരിശുദ്ധ സഭയുടെ പഠിപ്പിക്കലുകൾ മനസ്സിലാക്കുവാനാണ് ഈ വിശ്വാസ പഠനത്തിൽ പരിശ്രമിക്കുന്നത്.

അപ്പോസ്തോലിക സഭകൾ വി. കന്യക മറിയമ്മിനെ ദൈവമാതാവ്, വി. സഭയുടെ പ്രതീകം എന്നിങ്ങനെയുള്ള അതിവിശിഷ്ട നാമങ്ങളാൽ ആദരിക്കുന്ന പതിവ് ക്രിസ്തീയ വിശ്വാസ പ്രചാരത്തിന്റെ ആദ്യകാലങ്ങൾ മുതൽ തന്നെ നിലനിൽക്കുന്നതാണ്. അപ്പോസ്തോലിക സഭകൾ സ്ഥാപിച്ച ദൈവാലയങ്ങളിൽ ഭൂരിപക്ഷവും വി. ദൈവമാതാവിന്റെ നാമത്തിലാണ്. ഇതിൽനിന്നും പരിശുദ്ധ കന്യക മറിയാമിന് സഭ നൽകിവരുന്ന പദവി എത്ര ഉത്തുംഗമാണെന്നുള്ളത് മനസ്സിലാക്കവുന്നതാണ്.

ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ നേരിട്ട് ഭാഗഭാക്കാകുന്ന ആദ്യ മനുഷ്യവ്യക്തി കന്യകമറിയാം ആണ്. പാപത്തിൽ വീഴ്ച സംഭവിച്ച മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായ കന്യകമറിയാം ദൈവകൃപയാൽ ശുദ്ധീകരിക്കപ്പെട്ട് ദൈവപുത്രന് മാതാവായി തീരാനുള്ള യോഗ്യത നേടി (ലൂക്കോ. 1:35). ഒന്നാം ഹവ്വാ അനുസരണക്കേടിനാൽ മനുഷ്യവർഗ്ഗത്തിനുമേൽ കെട്ടിയുണ്ടാക്കിയ പാപത്തിന്റെ കുരുക്ക് കന്യക മറിയാം തന്റെ അനുസരണത്തിൽ കൂടി അഴിച്ചെടുത്തു എന്ന് സഭാ പിതാവായ വി. ഐറേനിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്.

റോമൻ കത്തോലിക്കാ സഭ പരിശുദ്ധ ദൈവമാതാവിനെ 'സഹ രക്ഷക' എന്ന് സംബോധന ചെയ്യുന്നുണ്ടെങ്കിലും ഓർത്തഡോക്സ് സഭകൾ അങ്ങനെ കണക്കാക്കുന്നില്ല. ദൈവപുത്രന്റെ മാതാവായി ത്തീർന്ന നിലയിൽ 'രക്ഷക്കു മുഖാന്തിരമായവൾ' എന്നാണ് സഭ പഠിപ്പിക്കുന്നത്.

വിശുദ്ധരുടെ കൂട്ടത്തിൽ അഗ്രഗണ്യയായി പരിശുദ്ധ കന്യകമറിയാമിനെ ഓർത്തഡോക്സ് സഭ വന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്, ദൈവം മനുഷ്യനായി ലോകത്തിൽ അവതരിക്കുന്നതിന് സ്വന്തശരീരവും രക്തവും പങ്കിട്ട് കൊടുക്കുവാൻ സാധിച്ച അതുല്യ ഭാഗ്യം ലഭിച്ചവൾ എന്നുള്ള നിലയിലാണ്.

എന്നാൽ ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്കാ സഭയും വിശുദ്ധ കന്യകമറിയാമിന്റെ നിത്യകന്യകാത്വത്തെ അംഗീകരിക്കുകയും ദൈവമാതാവെന്ന് അഭിസംബോധന ചെയ്യുകയും ചെയ്യുന്നു.

## വി. മറിയാമിന്റെ അനുപമ സവിശേഷതകൾ

മാനവ ചരിത്രത്തിൽ മറ്റൊരാളെക്കുറിച്ചും ചൂണ്ടിക്കാണിക്കുവാൻ സാധ്യമല്ലാത്ത അനുപമ സവിശേഷതകൾ. വി. മറിയാമ്മിനെ സംബന്ധിച്ച് വി. വേദപുസ്തകത്തിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കും.

### 1. പ്രവചനങ്ങൾ:

- ഉല്പത്തി 3:15: "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും". ഇതിൽ പറയപ്പെട്ടിരിക്കുന്ന സ്ത്രീയുടെ സന്തതി കർത്താവേശു മശിഹാ ആണ് ആയതുകൊണ്ട് ഇത് വിശുദ്ധ കന്യകമറിയാമ്മിനെ കുറിച്ചുള്ള പ്രഥമ പ്രവചനമാണ്.
- ഉത്തമഗീതം 6:9: "...കന്യകമാർ അവളെ കണ്ട് ഭാഗ്യവതി എന്ന് വാഴ്ത്തും". ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയുടെ പ്രതീകാത്മക വ്യക്തിയായ വി. മറിയാമ്മിനെ കുറിച്ച് ജ്ഞാനിയായ ശലോമോൻ ഉത്തമഗീതത്തിൽ പ്രവചിച്ചിരിക്കുന്നു.



- യെശയ്യാവ് 7:14: "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർ വിളിക്കപ്പെടും". ഇവിടെ പരാമർശിച്ചിരിക്കുന്ന കന്യക വിശുദ്ധ മറിയാം ആണ്.
- യെശയ്യാവ് 11:1: "യിശ്ശായിയുടെ കുറ്റിയിൽ നിന്നും ഒരു മുള പൊട്ടിപ്പുറപ്പെടും". മുള കർത്താവേശുമശിഹാ ആയതിനാൽ 'കുറ്റി' വിശുദ്ധ മറിയാമ്മിനെ സൂചിപ്പിക്കുന്നു.
- വെളിപാട് 12:5: "അവൾ സകല ജാതികളേയും ഇരുമ്പുകോൽ കൊണ്ട് മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടന്ന് എടുക്കപ്പെട്ടു". പ്രസ്തുത ആൺകുട്ടി കർത്താവേശുമശിഹ ആകയാൽ തന്നെ പ്രസവിച്ചവളായ 'സ്ത്രീ' വിശുദ്ധ മറിയാമാകുന്നുവെന്നുള്ളത് വ്യക്തമാണ്.

### 2. മുൻ കുറികൾ:

- പുറപ്പാട് 3:2: "തീ പിടിച്ചു കത്തിയിട്ടും വെന്തുപോകാതിരുന്ന മുൾപ്പടർപ്പ്." ഹോറേബ് പർവ്വതത്തിൽ മോശ കണ്ട മുൾപ്പടർപ്പ് തീ പിടിച്ചു കത്തിയിട്ടും വെന്തുപോയില്ല. ഇത് മറിയാമ്മിന്റെ മുൻ കുറിയാകുന്നു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. വി. മറിയാമിന്റെ കന്യകാവൃതത്തിന് ഭംഗം വരാതെ ദൈവം അവളിൽ ഇറങ്ങി വസിക്കുകയും ലോകത്തിന് വെളിപ്പെടുത്തുകയും ചെയ്തു. ഇതിൽ അഗ്നിജ്വാല ദൈവത്തെയും മുൾപ്പടർപ്പ് വി. മറിയാമ്മിനെയും സൂചിപ്പിക്കുന്നു.
- പുറപ്പാട് 24:15–17–ൽ പറയപ്പെട്ടിരിക്കുന്ന മേഘത്താൽ മൂടപ്പെട്ടതും യഹോവയുടെ തേജസ്സ് ആവസിച്ച് കത്തുന്ന തീ പോലെ കാണപ്പെട്ടതും, മോശയിൽ കൂടി യിസ്രായേൽ ജനത്തിന് കല്പനകൾ കൊടുക്കുന്നതിനായി, യഹോവയായ ദൈവം ഇറങ്ങി വസിച്ചതുമായ 'സീനായ് പർവ്വതം' വി. മറിയാമ്മിന്റെ മുൻകുറിയാകുന്നു.

### 3. സാക്ഷ്യപ്പെട്ടകം / നിയമപ്പെട്ടകം:

- പുറപ്പാട് 25:10–22–ലും 37:1–9–ലും പറയപ്പെട്ടിരിക്കുന്നതും കല്പനകൾ എഴുതിയ കല്പലക, മന്നാ ഇട്ടുവച്ച ചെപ്പ്, അഹറോന്റെ തളിർത്തവടി എന്നിവ വയ്ക്കപ്പെട്ടിരുന്ന യഹോവയായ ദൈവത്തിന്റെ വിശുദ്ധ നിയമപ്പെട്ടകം വിശുദ്ധ മറിയാമിന്റെ മുൻ കുറിയും സദൃശ്യവുമാണ്. കന്യകമറിയാമിൽ വസിച്ച യേശുക്രിസ്തുവിൽ ഈ മൂന്നു സാക്ഷ്യങ്ങളും ചേർത്തിരിക്കുന്നതിനാൽ കന്യക മറിയാമ്മിനെ സാക്ഷ്യപ്പെട്ടകമായി പരി. പിതാക്കന്മാർ പഠിപ്പിക്കുന്നു.

(തുടരും)

# പരിശുദ്ധ അമ്മ, സഭയുടെ മാർഗ്ഗദീപം



— റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ,
*അഖില മലങ്കര വൈദിക സംഘം ജനറൽ സെക്രട്ടറി*

ലോകവിമോചകനെ ഉദരത്തിൽ വഹിക്കുവാൻ വരപ്രസാദം ലഭിച്ച കന്യകമറിയാമിന്റെ മദ്ധ്യസ്ഥത സഭയുടെ മാർഗ്ഗദീപമാണ്. പാപ അന്ധകാരത്തിലായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷാകര വീണ്ടെടുപ്പിനായി ആത്മാർപ്പണം ചെയ്ത അനുപമ വ്യക്തിത്വമാണ് പരിശുദ്ധ കന്യക മറിയാം.

ദൈവമാതാവിനോടും, വിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ കുറഞ്ഞത് നാലാം നൂറ്റാണ്ടു മുതൽ സഭയിൽ ഉപയോഗിക്കുന്നുണ്ട്. നാലാം നൂറ്റാണ്ടിൽ ജീവിച്ച വി. അപ്രേമിന്റെ ഗീതങ്ങളിൽ വി. ദൈവമാതാവിനെപ്പറ്റി ധാരാളം പരാമർശിക്കുന്നുണ്ട്. നൂറ്റാണ്ടുകളെ ഭേദിക്കുവാനുള്ള ചൈതന്യം പരി. ദൈവമാതാവിന്റെ ജീവിത ദർശനങ്ങൾക്ക് ഉണ്ടായി. 'ഇന്നു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തുമെന്ന്' മറിയം തന്നെ സാക്ഷിക്കുന്നുണ്ട്. തലമുറകൾ നീണ്ടുനിൽക്കുന്ന ഭാഗ്യാവസ്ഥ പരി. കന്യകമറിയാമിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. ഭൗതീകമായ നേട്ടങ്ങളുടെ നടുവിൽ ഒരു വ്യക്തിയുടെ ഭാഗ്യാവസ്ഥയെ നിർവ്വചിക്കുവാനാണ് എല്ലാവർക്കും താല്പര്യം. രാഷ്ട്രീയ–സാമ്പത്തിക –സാംസ്ക്കാരിക മണ്ഡലങ്ങളിൽ നേട്ടങ്ങൾ കൊണ്ടും, ഭൗതിക അഭിവൃദ്ധികൊണ്ടും ലോകം 'ഭാഗ്യവാന്മാർ' എന്നു വിളിക്കുന്ന നിരവധി പേർ ഉണ്ടാകാം. എന്നാൽ ഈ ഭാഗ്യവാന്മാരുടെ ഭാഗ്യാവസ്ഥ താൽക്കാലികമെന്ന് അവരുടെ ജീവിതം തന്നെ പഠിപ്പിക്കുന്നു. മറിയാം ആത്മനിറവിൽ സാക്ഷിക്കുന്നത് തലമുറകൾ നീണ്ടുനിൽക്കുന്ന ഭാഗ്യാവസ്ഥയെപ്പറ്റിയാണ്.



## 1. യുക്തിയെ ഭക്തിയാക്കി മാറ്റിയ പരിശുദ്ധ

ഞാൻ പുരുഷനെ അറിഞ്ഞിട്ടില്ലാത്തത് കൊണ്ട് എങ്ങനെ ദൈവത്തിന്റെ പദ്ധതി എന്നിൽ നിറവേറും എന്നുള്ള തികച്ചും യുക്തിഭദ്രമായ ചോദ്യം മറിയാമിൽ ഉണ്ടായിരുന്നു. എന്നാൽ തന്റെ യുക്തിക്കും ബുദ്ധിക്കും അപ്പുറമായി പ്രവർത്തിക്കുന്ന ദൈവപദ്ധതിയെ തിരിച്ചറിഞ്ഞ മറിയാം പ്രഖ്യാപിക്കുന്നു. "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല". തന്റെ യുക്തിയെ ദൈവത്തിന്റെ നിയോഗത്തിന്റെ പൊരുൾ തിരിച്ചറിയുവാൻ തക്കവണ്ണം രൂപാന്തരപ്പെടുത്തുകയാണ് മറിയാം ചെയ്തത്. യുക്തിയുടെ മാത്രം ലോകത്ത് ജീവിച്ച് വിനാശകരങ്ങളായ ചിന്തകളെ വിതയ്ക്കുകയും, ധാർമ്മിക മൂല്യങ്ങളെ ചോദ്യം ചെയ്യുകയും ചെയ്യുന്ന പ്രവണതകൾ നമുക്ക് ചുറ്റും വളരുന്നുണ്ട്. ഇത്തരം യുക്തിബോധങ്ങൾ അക്രമണോത്സുകതയിലേക്കും, അരാജകത്വത്തിലേക്കും പലരേയും നയിക്കുന്നു. എന്നാൽ മറിയാം തന്റെ ജീവിതം കൊണ്ട് സാക്ഷിക്കുന്നത് യുക്തി ദൈവപദ്ധതിയെ തിരിച്ചറിവാൻ ഫലപ്രദമായി ഉപയോഗിക്കുവാനാണ്. ഇത് ദൈവത്തിലുള്ള മനുഷ്യന്റെ ആശ്രയത്വത്തിന്റെ ആഴമേറിയ അർത്ഥതലങ്ങളെയാണ് പങ്കുവെയ്ക്കുന്നത്.

## 2. ഉന്നതമൂല്യങ്ങളുടെ വിളനിലമായ പരിശുദ്ധ

വ്യത്യസ്തങ്ങളായ ഗുണവിശേഷങ്ങളിൽ നിറവുള്ളവരെ സമൂഹത്തിൽ കണ്ടുമുട്ടാം എങ്കിലും മറിയാമിനപ്പോലെ എല്ലാ ജീവിത വൈശിഷ്ട്യങ്ങൾ നിറഞ്ഞവരെ കണ്ടുമുട്ടുക ഏറെ പ്രയാസമാണ്. മറിയമിനെക്കാൾ സുന്ദരികളും മിടുക്കികളും ആയ പെൺകുട്ടികൾ ഉണ്ടായിരുന്നിട്ടും മറിയാമിനെ തേടി ദൈവദൂതൻ എത്തിയത് സനാതന മൂല്യങ്ങളുടെ വിളഭൂമിയായി ആ കന്യക മാറ്റപ്പെട്ടത് മൂലമാണ്. ഒരു വ്യക്തിയുടെ ആത്മീയതയ്ക്ക് മാറ്റു കൂട്ടുന്നത് ബാഹ്യപ്രകടനങ്ങൾ അല്ല, ജീവിത വിശുദ്ധിയാണ് എന്ന സന്ദേശം ആണ് പരിശുദ്ധ കന്യക മറിയാം പങ്കുവയ്ക്കുന്നത്. ഈ നൂറ്റാണ്ടിനെ ആത്മീയ വിപ്ലവത്തിന്റെ യുഗമെന്ന് വിശേഷിപ്പിച്ചു കാണാറുണ്ട്. വർദ്ധിച്ചുവരുന്ന ക്രൂസേഡ് യോഗങ്ങളും, മിറക്കിൾ നൈറ്റും, പവർ കോൺഫറൻസുമൊക്കെ കണക്കിലെടുത്തായിരിക്കും ഈ പ്രയോഗം. എന്നാൽ ആത്മീയ വിപ്ലവം അവകാശപ്പെടുന്നുണ്ടെങ്കിലും ജനഹൃദയങ്ങളിൽ നിലനിൽക്കുന്ന ആത്മീയ മാതൃകകൾ ഉണ്ടാകുന്നില്ല എന്നുള്ളത് ദുഃഖകരമാണ്. ആത്മീയതയിൽ വിപ്ലവങ്ങൾ സൃഷ്ടിക്കുന്നവർ കേവലം വർഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷരാകുന്നു എന്നുള്ളത് അതിലേറെ കൗതുകകരമാണ്. എന്നാൽ മറിയാം ദർശനം കാണുന്നത് തലമുറകൾ നീണ്ടുനിൽക്കുന്ന ഭാഗ്യാവസ്ഥയെയാണ്.

## 3. കാലത്തിന് മുമ്പേ സഞ്ചരിച്ച ഉൾക്കാഴ്ചകളുടെ സ്രോതസ്സായ പരിശുദ്ധ

ദർശനങ്ങളുടെ മരണമാണ് സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന വലിയ പ്രതിസന്ധി. വേഗതയുടെയും, ഉപഭോഗതയുടെയും പിന്നാലെ സമൂഹം പായുമ്പോൾ ദർശനത്തിന്റെ അകക്കണ്ണുകൾ അന്ധകാരമായി മാറുന്നു. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിന്റെ 46 മുതൽ 56 വരെയുള്ള വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്ന മറിയാമിന്റെ ഗീതം ദൈവജനത്തെപ്പറ്റിയുള്ള നവ കാഴ്ച്ചപ്പാടുകൾ വാരിവിതറുന്നവയാണ്.

'**Magnificant**' എന്നും, '**Maurbo**' എന്നുമൊക്കെ വിവിധ ഭാഷകളിൽ വിശേഷിപ്പിക്കുന്ന ഈ ഗീതം യേശുക്രിസ്തുവിലൂടെ സ്ഥാപിതമാകുന്ന ദൈവരാജ്യത്തെപ്പറ്റിയുള്ള ദർശനങ്ങൾ ആണ് പങ്കുവയ്ക്കുന്നത്. ഒരു പുതിയ സാമൂഹിക ക്രമത്തെപ്പറ്റിയുള്ള (**Vision about New Social Order**) ചിന്തകൾ ആണ് ഈ ഗീതത്തിൽ നിറഞ്ഞുതുളുമ്പുന്നത്. താണവരുടെ ഉയർച്ചയും, വിശന്നിരിക്കുന്നവരുടെ നിസ്സഹായങ്ങളിൽ ചൊരിയുന്ന നന്മകളും, അഹങ്കാരികളുടെ ചിതറിപ്പും, ഭയത്തിൽ ഇരിക്കുന്നവർക്ക് ധൈര്യവുമൊക്കെ ഈ ഗീതത്തിന്റെ മുഖ്യ ദർശനങ്ങൾ അണ്. മിടുക്കന്മാരുടെ ലോകം സൃഷ്ടിക്കുന്ന (**Survival of the Highest**) ആധുനിക തലമുറയ്ക്കു മുമ്പിൽ മറിയാം ദൈവരാജ്യത്തെപ്പറ്റിയുള്ള ആഴമായ ദർശനങ്ങൾ ആത്മനിറവിൽ പങ്കുവയ്ക്കുന്നു. ദർശനങ്ങൾക്ക് മരണമില്ല എന്നാണ് സാധാരണ പഴമൊഴി. മറിയാമിന്റെ ജീവിത വിശുദ്ധിയും ദർശനങ്ങളും മരണമില്ലാത്തതുകൊണ്ട് പരിശുദ്ധ അമ്മയുടെ ഭാഗ്യാവസ്ഥ തലമുറകൾ നീളുന്നത്.

## 4. തീവ്രമായ വിശ്വാസ പ്രഖ്യാപനത്തിന്റെ ഉടമയായ പരിശുദ്ധ

"ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം പോലെ ഭവിക്കട്ടെ". എന്ന മറിയാമിന്റെ മറുപടി രക്ഷാകര ചരിത്രത്തിലെ അതിസുന്ദര മുഹൂർത്തമാണ്. അവനവനെപ്പറ്റി ചിന്തിക്കാത്ത മനുഷ്യരില്ല. മറിയാം തന്നെപ്പറ്റി ചിന്തിച്ചാൽ യൗസേഫും, കല്യാണവും, യഹൂദ സമൂഹവുമൊക്കെ അവൾക്ക് വെല്ലുവിളികൾ ആണ്. യൗസേഫും,

*(ശേഷം പേജ് 11–ൽ)*



# പങ്കുവയ്ക്കലാണ് സ്നേഹം

— ഷൗക്കത്ത് സഹജോത്സു



**ഗുരു നിത്യചൈതന്യയതിയുടെ ശിഷ്യനും മലയാളത്തിലെ മിസ്റ്റിക് എഴുത്തുകാരനുമാണ് ഷൗക്കത്ത് എന്ന ഷൗക്കത്ത് സഹജോത്സു.**

കഷ്ടപ്പെട്ട് ഉണ്ടാക്കിക്കൊടുക്കലല്ല; മറിച്ച് ഉള്ളതിൽ ഒരു പങ്ക് കൊടുക്കലാണ് സ്നേഹമെന്ന് അനുഭവിപ്പിച്ച ഒരു സുഹൃത്തുണ്ട്. പരിചയക്കാരുടെയോ സുഹൃത്തുക്കളുടെയോ വീട്ടിലേക്കു പോകുന്ന വഴിയിൽ മീൻകാരനെ കണ്ടാൽ വണ്ടി നിറുത്തി ഒരു കിലോ മീൻ വാങ്ങും. അല്ലെങ്കിൽ പച്ചക്കറി കടയിൽ കയറി മൂന്നോ നാലോ കിലോ പച്ചക്കറികൾ. നന്നായി പഴുത്ത നാടൻ പഴക്കുല കണ്ടാൽ അത്. അങ്ങനെ നാം പൊതുവെ ചെയ്യാത്ത, എന്നാൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്ന ഒരാൾ.

ഒരു സുഹൃത്തിനൊപ്പം അദ്ദേഹത്തിന്റെ പരിചയക്കാരന്റെ വീട്ടിലേക്ക് പോകുമ്പോൾ മീൻ വാങ്ങി പോയ കഥ അദ്ദേഹം പറഞ്ഞത് ഇന്നും മനസ്സിൽ മായാതെയുണ്ട്. വീട്ടിലേക്ക് കയറിയ ഉടനെ 'ഒരു വീട്ടിൽ പോകുമ്പോൾ എന്തെങ്കിലും വാങ്ങി പോകണമല്ലോ. വരുന്ന വഴിക്ക് നല്ല മീൻ കണ്ടു; അതങ്ങു വാങ്ങി.' എന്നു പറഞ്ഞ് നീട്ടിയപ്പോൾ അവർ കണ്ണു മിഴിച്ചു നിന്നു. ജീവിതത്തിൽ ആരും ചെയ്യാത്ത കാര്യം. അനുഭവിച്ചവർക്ക് ഒരിക്കലും മറക്കാനാവാത്ത കാര്യം. ഇന്ന് അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സുഹൃത് വലയങ്ങളിൽ ഒന്നായി മാറി ആ കുടുംബം.

ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ഒരാൾ കയറിവന്നു. കസേര വലിച്ചിട്ട് അതിലിരുന്ന് പറഞ്ഞു: നജീബേ, എനിക്കൊരു ട്രെയിൻ വാങ്ങണമായിരുന്നു?

മാനസികമായി ചെറിയ പ്രശ്നമുള്ള ഒരാളായിരുന്നു അത്. ചിരിച്ചുകൊണ്ട് നജീബ് പറഞ്ഞു: അതിനെന്താ, നമുക്കന്വേഷിക്കാം. വൈകാതെ വാങ്ങാം.

അവിശ്വസനീയമായ മുഖഭാവത്തോടെ അദ്ദേഹം നജീബിന്റെ കണ്ണിലേക്കു നോക്കി: സത്യായിട്ടും?

പിന്നല്ലാതെ. പക്ഷെ, ഒരു പ്രശ്നമുണ്ട്. നാം വിചാരിക്കുന്നതുപോലെ പെട്ടെന്ന് ട്രെയിൻ വാങ്ങാനാവില്ല. കുറച്ചു സമയമെടുക്കും. അതു സാരമില്ല. വാങ്ങിയാൽ മതി; അദ്ദേഹം സന്തോഷത്തോടെ പറഞ്ഞു.

രണ്ടു ദിവസം കഴിഞ്ഞ് അദ്ദേഹം വീണ്ടും വന്നു. എന്തായി ട്രെയിൻ വാങ്ങുന്ന കാര്യം?

ഗവൺമെന്റിന്റെ സമ്മതമൊക്കെയുണ്ടെങ്കിലേ ട്രെയിൻ വാങ്ങാൻ പറ്റൂ. അതിന് ശ്രമിക്കുന്നുണ്ടെന്ന് നജീബ്ക്ക സ്നേഹത്തോടെ പറഞ്ഞു. പേപ്പർ വർക്കുകളെല്ലാംനടക്കുന്നുണ്ടെന്നും കൂട്ടിച്ചേർത്തു. കുറച്ചു ദിവസം കഴിഞ്ഞ് അദ്ദേഹം വന്ന് നജീബ്ക്കയോടു പറഞ്ഞു: അല്ലെങ്കിൽ ഒരു കാര്യം ചെയ്യാം. ട്രെയിൻ വാങ്ങുന്നത് വേണ്ടെന്നു വയ്ക്കാം. അത് വലിയ പ്രയാസമല്ലേ? നമുക്ക് ഒരു ഓട്ടോറിക്ഷാ വാങ്ങാം. അതു മതി. എന്നാൽ പിന്നെ അങ്ങനെയാകട്ടെ. നമുക്ക് അതാലോചിക്കാമെന്ന് തോളിൽതട്ടി സമ്മതിച്ചു.

സന്തോഷത്തോടെ ചിരിച്ചുകൊണ്ട് ഇറങ്ങിപ്പോകുന്ന ആ മനുഷ്യനെ നോക്കി നജീബ്ക്ക നിന്നു. അദ്ദേഹം ആ അനുഭവം എന്നോടു പറയുമ്പോൾ സ്നേഹത്തിന്റെ ആഴം എന്നിൽ വന്നു നിറയുകയായിരുന്നു. എന്തിനും കൂടെയുണ്ടെന്ന് ചേർന്നു നിന്നു പറയാൻ, പ്രതീക്ഷ പകരാൻ കഴിഞ്ഞാൽ അതു മതി, ചേർത്തു പിടിച്ചവർക്ക് സമാധാനമാകാൻ. കൂടെയുണ്ടെന്ന് മനസ്സും വാക്കും പകരലാണ് പരിഹാരത്തിലേക്കുള്ള ആദ്യപടിയെന്ന് തിരിച്ചറിഞ്ഞ ഒരു മനുഷ്യൻ.

തന്റെയടുത്തു വരുന്ന ഒരാളെയും അദ്ദേഹം അവഗണിക്കാറില്ല. നമുക്കു നോക്കാം. എല്ലാം ശരിയാക്കാം. ഞാനില്ലേ കൂടെ. നിങ്ങൾ ധൈര്യമായിരിക്ക് എന്നൊക്കെയേ പറയൂ. തളർന്നു വരുന്ന മനസ്സുകൾക്ക് ആ വാക്കു തന്നെ ധാരാളം. മനസ്സുകൊണ്ട് കൂടെ നിന്നാൽ മാറുന്ന തളർച്ചകൾ ഏറെയുണ്ടെന്നത് അദ്ദേഹത്തിന് വെറും വാക്കല്ല.

ദിവസവും അനുഭവിക്കുന്ന യാഥാർത്ഥ്യമാണ്. വേണമെങ്കിൽ നടക്കാൻ കഴിയുമായിരുന്നിട്ടും വേണ്ടത്ര ആത്മവിശ്വാസമില്ലാത്തിനാൽ വീൽചെയറിൽ കഴിയേണ്ടിവന്ന ഒരു പെൺകുട്ടിയെ കടൽ കാണിക്കാൻ കൊണ്ടുപോയതും നിരന്തരമായ ശ്രദ്ധയും സ്നേഹവും അവളെ ഒറ്റയടിവെച്ചു നടക്കാവുന്ന അവസ്ഥയിലേക്കെത്തിച്ചതും ആ ചേർന്നു നിൽക്കലായിരുന്നു. ആത്മവിശ്വാസം ഉറച്ചു കിട്ടിയാൽ പ്രയത്നത്തിന് പെട്ടെന്ന് ഫലം കണ്ടുതുടങ്ങുമെന്ന സത്യം അത്ഭുതത്തോടെയാണ് അദ്ദേഹം പങ്കുവെച്ചത്. എത്രയെത്ര അനുഭവങ്ങളാണെന്നോ അദ്ദേഹത്തിന് നമ്മോടു പങ്കുവയ്ക്കാനുള്ളത്!

പത്തു വർഷങ്ങൾക്കുമുമ്പാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. സലീംക്കയെന്ന സുഹൃത്ത് ഒരാളെയുംകൂട്ടി കാരമടയിലേക്കു വന്നു. "ഇത് എന്റെ അനുജൻ. പേര് നജീബ്. ങ്ങളൊന്ന് സംസാരിക്കണം. അവൻ എല്ലാറ്റിലും ചെന്ന് തലയിടും. തലനിറയെ പ്രശ്നങ്ങളാണ്. ങ്ങളൊരു വഴി പറഞ്ഞുകൊടുക്കണം."

നജീബ്ക്കയോടുള്ള സലിംക്കയുടെ സ്നേഹവും കരുതലും കൗതുകത്തോടെയും നിറഞ്ഞ സന്തോഷത്തോടെയും അനുഭവിച്ച് ഞാനിരുന്നു. പ്രകാശവത്തായ നറുപുഞ്ചിരിയോടെയിരിക്കുന്ന ആ മനുഷ്യന്റെ മുഖത്തേക്ക് ഞാൻ നോക്കിയിരുന്നു.

ചിരിച്ചുകൊണ്ട് സലീംക്കയോടു ഞാൻ പറഞ്ഞു: നജീബ്ക്കയെ കാണുമ്പോൾ എനിക്കെന്തോ കുഴപ്പമുണ്ടെന്നാണ് തോന്നുന്നത്. ശരിയാവേണ്ടതായ ഏതൊക്കെയോ ഇടങ്ങൾ എന്നിലുണ്ടെന്നാണ് അനുഭവിക്കുന്നത്.

ഞങ്ങൾ മൂന്നുപേരും ചിരിച്ചു. എന്നാൽ ഞാനത് ആത്മാർത്ഥമായി പറഞ്ഞതായിരുന്നു. സാമൂഹികതയിൽ ഞാനിത്രയെങ്കിലും സജീവമായതിനു പിന്നിൽ ഒരു കാരണം നജീബ്ക്കയുടെ സൗഹൃദമാണ്.

നേരും നെറിയും സമാസമം ചാലിച്ച ഒരാൾ. കഴിയുന്നത്ര നന്മയിൽ പുലരുന്ന ഒരു മനുഷ്യൻ. "അപരനുവേണ്ടി അഹർന്നിശം പ്രയത്നം കൃപണത വിട്ട് കൃപാലു ചെയ്തിടുന്നു". എന്ന് നാരായണ ഗുരു പറയുന്നത് ചേരുന്ന ഒരാൾ. കഴിഞ്ഞ കുറെ വർഷങ്ങളായി ഒരു കരുതൽ വെളിച്ചമായി ചേർന്നു നടക്കുന്ന സൗഹൃദം. അങ്ങനെയൊക്കെയാണ് എനിക്ക് നജീബ്ക്ക.

ചില മനുഷ്യരുണ്ട്. നമുക്കൊപ്പം ദീർഘകാലമുണ്ടാകണമെന്ന് നാം പ്രാർത്ഥിക്കുന്നവർ. സമൂഹത്തിൽ വലിയൊരു ആശ്വാസമായി നിറയുന്നവർ. അങ്ങനെ ഒരാൾ; നജീബ്ക്ക.

അദ്ദേഹത്തിന് നവംബർ 22–ന് അമ്പതു വയസ്സ് തികഞ്ഞു. കുറ്റിപ്പുറത്തെ ഇല (Initiative for Love & Action) യിൽ പത്താം ക്ലാസ്സ് പൂർത്തിയാക്കാതെ ദിശാബോധം നഷ്ടപ്പെട്ട് പ്രതിസന്ധിയനുഭവിക്കുന്ന നാല്പതോളം മക്കൾക്ക് തുടർ വിദ്യാഭ്യാസം ഒരുക്കിക്കൊടുക്കുന്നതിന്റെ ക്യാമ്പിലായിരുന്നു ഞങ്ങൾ. രണ്ടു ദിവസത്തെ ക്യാമ്പ്. മക്കൾക്ക് കാവലായി തുറന്ന ഹാളിൽ ഒരു പുതപ്പു വിരിച്ച് കിടന്നുറങ്ങാൻ തുടങ്ങുന്ന അദ്ദേഹത്തെ ഹൃദയം കൊണ്ട് ചുംബിച്ച് താമസമുറിയിലേക്ക് നടക്കുമ്പോൾ നെഞ്ചു നിറയെ പ്രാർത്ഥനയായിരുന്നു. ഈ മനുഷ്യനിങ്ങനെ ആരോഗ്യത്തോടെയും സമാധാനത്തോടെയും ദീർഘനാൾ നമുക്കൊപ്പം ഉണ്ടാകട്ടെയെന്ന പ്രാർത്ഥന. പങ്കുവയ്ക്കുന്നിടത്താണ് ജീവിതവും സമാധാനവുമെന്ന് പറഞ്ഞുതന്നത് ജീവിതം തന്നെയായിരുന്നു. നമ്മിലുള്ളത് ഹൃദയപൂർവ്വം പകർന്നു കൊടുത്തപ്പോഴെല്ലാം നാം അനുഭവിച്ച ധന്യതയിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ മാത്രം മതി അതു ബോദ്ധ്യമാകാൻ. മനസ്സെപ്പോഴും കൂട്ടിവയ്ക്കൂ എന്ന പിറുപിറുക്കുമ്പോൾ ഹൃദയമെപ്പോഴും വെമ്പുന്നത് പകർന്നുകൊടുക്കൂവെന്നാണ്. സ്നേഹം നിറഞ്ഞ ഹൃദയത്തോടെ അതു പകർന്നു കൊടുക്കാനായി നാം മക്കളുടെയോ ഭാര്യയുടെയോ കാമുകന്റെയോ കാമുകിയുടെയോ അടുത്തു ചെല്ലുമ്പോൾ ഞങ്ങൾക്ക് സ്നേഹം വേണ്ടാ എന്നു പറഞ്ഞ് അവർ അകന്നു മാറിയാൽ നാം തകർന്നുപോകും. ആ തകർച്ചയിലാണ് നാമറിയുക; പങ്കുവെയ്ക്കാൻ കഴിയുമ്പോഴേ, അതു സ്വീകരിക്കാൻ ആളുണ്ടെങ്കിലേ സ്നേഹം അനുഭവവും അനുഭൂതിയുമായി മാറുന്നുള്ളൂ എന്ന്.

ഇത് നമ്മുടെയെല്ലാം നേരനുഭവമാണ്. ആ അനുഭവത്തെ തൊട്ടറിയാത്തതിനാലാണ് പങ്കുവയ്ക്കുന്നതിനേക്കാൾ കൂട്ടിവയ്ക്കുന്നതിന് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നതും ജീവിതം വിരസവും നിർജ്ജീവവുമായി മാറുന്നതും. ഒരു കൺതുറക്കലേ നമുക്കു വേണ്ടൂ. അതിന് നജീബിനെപ്പോലുള്ളവർ നമുക്ക് മാതൃകയാകട്ടെ.

# രക്ഷാകർതൃത്വത്തിന്റെ പാഠപുസ്തകം ദൈവമാതാവ്



— റജി കെ. സാമുവേൽ (ID R-211)

ഭൂമിയിലെ ഓരോ കുടുംബങ്ങളും തിരുകുടുംബങ്ങളാണ്. ഓരോ കുടുംബങ്ങളും മനുഷ്യന് പൂർണമായും മനസ്സിലാക്കാനാവാത്ത ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിനായി സൃഷ്ടിക്കപ്പെട്ടതാണ്.

ആധുനിക കുടുംബങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാതാപിതാക്കളും കുഞ്ഞുങ്ങളുമായി ഉണ്ടാവുന്ന സംഘർഷങ്ങളാണ്. കുഞ്ഞുങ്ങൾ ഇല്ലാതിരിക്കുന്നതു ഒരു വലിയ പ്രശ്നമാണ്, പക്ഷെ കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നത് ഒരായിരം പ്രശ്നങ്ങളാണെന്നു സങ്കടത്തോടെ പറഞ്ഞ ഒരമ്മയെ ഓർക്കുന്നു. ലോകമെങ്ങുമുള്ള ക്രിസ്തീയ സഭകൾ പരിശുദ്ധ അമ്മയെ ഭക്തിയോടെ സ്മരിക്കുന്ന ഒരു കാലഘട്ടമാണിത് പ്രപഞ്ച സൃഷ്ടാവിനെ മടിയിൽ താലോലിച്ച അമ്മയുടെ ജീവിതത്തിലേക്ക് ഒന്ന് ശ്രദ്ധാപ്പൂർവ്വം നോക്കിയാൽ എക്കാലത്തും പ്രസക്തമായ ശിശു പരിപാലനത്തിന്റെ രഹസ്യങ്ങൾ വെളിവായി വരും.

ഒരു കുഞ്ഞും ഒരാകസ്മികതയല്ല; മറിച്ചു ദൈവത്തിന്റെ ശ്രദ്ധപ്പൂർവ്വമായ തീരുമാനമാണ്. ഓരോ കുഞ്ഞിനേയും ഉരുവാക്കുന്നവനും ഗർഭത്തിൽവെച്ചു നിർമ്മിക്കുന്നവനും ദൈവമാണ് (യെശയ്യാവ് 44 :2) "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്. എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയകരവുമായ് എന്നെ സൃഷ്ടിച്ചിരിക്കുകയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു". എന്നുള്ള സങ്കീർത്തനകാരന്റെ ശബ്ദം (സങ്കി: 139 : 13–14) ശ്രദ്ധിച്ചാൽ ഓരോ കുഞ്ഞും ദൈവീക കരവിരുതിന്റെയും, കരുതലിന്റെയും ജീവിക്കുന്ന അടയാളമാണെന്നു നമുക്ക് ബോധ്യമാവും. തികച്ചും അസാധാരണനായ ഒരു ശിശുവിനെയാണ് മറിയത്തിന്റെ ഹൃദയത്തിലേക്കും, മടിയിലേക്കും ദൈവം നൽകിയത്. ആ ശിശുവിനെ അതിന്റെ എല്ലാ സവിശേഷതകളോടെയും സ്വീകരിക്കുകയാണ് പരിശുദ്ധ കന്യകാമറിയം. ദൈവം നമുക്ക് നൽകിയ കുഞ്ഞുങ്ങളെ അവരുടെ സവിശേഷതകളെയും, കുറവുകളേയും ഉൾക്കൊണ്ടുകൊണ്ട് സ്വീകരിക്കാൻ നമുക്ക് കഴിയണം. യെരുശലേം ദൈവാലയത്തിൽ വച്ച് കുഞ്ഞിനെ കയ്യിലേന്തിക്കൊണ്ടു ശിമയോൻ പ്രവചിച്ചു പറഞ്ഞത് "നിന്റെ സ്വന്ത പ്രാണനിൽ കൂടിയും ഒരു വാൾ കടക്കും" എന്നാണ്. നമ്മുടെ ഹൃദയത്തിൽ കൂടി വാൾ കടക്കുന്ന അനേക സംഭവങ്ങൾ മക്കളുടെ വളർച്ചക്കിടെ ഉണ്ടാവാം. പക്ഷെ അതു തിരുഹിതമെന്നു ചിന്തിക്കണമെന്നാണ് പരിശുദ്ധ അമ്മ പഠിപ്പിക്കുന്ന പാഠം.

ബാലനായ യേശുവിനെ യെരുശലേം ദൈവാലയത്തിൽ നിന്ന് പോരും വഴി കാണാതായശേഷം കണ്ടെത്തുമ്പോൾ അമ്മ അല്പം പരിഭവത്തോടെയാണ് സംസാരിക്കുന്നതു. 'മകനെ ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത് ? നിന്റെ അപ്പനും ഞാനും വ്യസനിച്ചു കൊണ്ട് നിന്നെ തിരഞ്ഞു' എന്നാണ് അമ്മ പറയുന്നത്. മാലാഖമാർ സ്തുതിഗീതം പാടിയ തന്റെ അത്ഭുത ശിശുവാണ് ഒരു ബാലനായി നിൽക്കുന്നതെന്ന് അമ്മക്കറിയാം പക്ഷെ അവനോടു അധികാരത്തോടെ സംസാരിക്കാൻ അമ്മക്ക് ഒരു വൈമുഖ്യമുണ്ടായിരുന്നില്ല. ജീവിതത്തിൽ ചില അവസരങ്ങളിലെങ്കിലും മാതാപിതാക്കൾക്ക് ചില കാര്യങ്ങൾ മക്കളോട് അധികാരത്തോടെ, തുറന്നു സംസാരിക്കേണ്ട സാഹചര്യമുണ്ടാവാം. അങ്ങിനെ സംസാരിക്കേണ്ട സാഹചര്യത്തിൽ വ്യക്തമായും, സമചിത്തതോടെയും സംസാരിക്കാൻ മാതാപിതാക്കൾക്ക് കഴിയണം.

അമ്മ പരിഭവത്തോടെ സംസാരിക്കുമ്പോൾ ബാലനായ യേശു കൊടുക്കുന്ന മറുപടി "എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടതാണ് എന്ന് നിങ്ങൾ അറിയുന്നില്ലയോ?" എന്നാണ്. മക്കൾ നമ്മോടൊപ്പം, നമ്മുടെ വഴിയേ നടക്കണം എന്ന് നമ്മൾ ആഗ്രഹിക്കുമ്പോഴും സ്വർഗ്ഗസ്ഥനായ പിതാവ് അവരെക്കുറിച്ചു ആഗ്രഹിക്കുന്ന ഇടത്താണ് അവരായിരിക്കേണ്ടതെന്നാണ് പരി. അമ്മയും മകനും തമ്മിലുള്ള സംഭാഷണം നമ്മെ ഓർമിപ്പിക്കുന്നത്. മാതാപിതാക്കളുടെ ചിന്തകളിൽ കുട്ടികൾ പിന്തുടരണമെന്നു വാശിപിടിക്കുമ്പോഴാണ് കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള സംഘർഷങ്ങളും തുടർന്നുണ്ടാവുന്ന അകൽച്ചയും സംഭവിക്കുന്നത്. ഈ സത്യം മനസിലാക്കിയതുകൊണ്ടാണ് ഖലിൽ ജിബ്രാൻ ഇങ്ങനെ എഴുതിയത്:

"Your children are not your children.
They are the sons and daughters of life's longing for itself.
They come through you but not from you,
And though they are with you yet they belong not to you."

ഈ പാഠം പരി. അമ്മക്ക് അറിയാവുന്നതുകൊണ്ടാണ് കേവലം ഒരു ബാലനായ തന്റെ മകന്റെ വാദഗതികളെ മനസിലാക്കാനും തുടർന്നുള്ള അവന്റെ അസാധാരണമായ ജീവിതദൗത്യത്തെ ഉൾകൊള്ളാനും ആ അമ്മക്ക് സാധിച്ചത്.

താൻ ഉദരത്തിൽ വഹിക്കുകയും, വേദനയോടെ പ്രസവിക്കുകയും ചെയ്ത ശിശുവിന്റെ ജനനം ആഘോഷിക്കുവാൻ സ്വർഗ്ഗംതാണിറങ്ങി വന്നത് അത്ഭുതത്തോടെ നോക്കി നിന്നവളാണമ്മ. അവന്റെ ബാല്യത്തിലും, ശൈശവത്തിലും നടന്ന അസാധാരണ സംഭങ്ങളൊക്കെ ഹൃദയത്തിൽ സംഗ്രഹിച്ചവൾ. മശിഹായായ തന്റെ മകന്റെ അത്ഭുതം പ്രവർത്തിക്കാൻ ആകുമെന്ന് അമ്മക്കറിയാമായിരുന്നു. പക്ഷെ തന്റെ മകന്റെ ആദ്യത്തെ അത്ഭുതം കാണാൻ അവൾക്കു കാത്തിരിക്കേണ്ടി വന്നത് മുപ്പതു വർഷങ്ങളാണ്. എന്നിട്ടും എത്ര ആത്മവിശ്വാസത്തോടെയാണ് കാനാവിലെ കല്യാണ ദിവസം അമ്മ ആ വീടിന്റെ ആവശ്യം അവന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. ദൈവം നമുക്ക് സമ്മാനിക്കുന്ന കുഞ്ഞുങ്ങളെല്ലാം അത്ഭുതങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തരാണ്. പക്ഷെ ജീവിതത്തിന്റെ ഏതവരസങ്ങളിൽ, എങ്ങനെ ആ അത്ഭുതം സംഭവിക്കുമെന്ന് നമുക്കറിയില്ല, പക്ഷെ ആ അത്ഭുതത്തിനായി നാം കാത്തിരിക്കണമെന്നാണ് പരി. അമ്മ നമ്മെ ഓർമിപ്പിക്കുന്നത്.

IQ പോലെ അഥവാ EQ വൈകാരിക ബുദ്ധിശക്തിക്കും അതീവ പ്രാധാന്യമുണ്ടെന്ന് വിശ്വസിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. IQ ക്ലസ്സ്മുറിയിൽ ലഭിക്കുന്ന അറിവുകൊണ്ടു വർദ്ധിപ്പിക്കാം പക്ഷെ EQ നേടിയെടുക്കണമെങ്കിൽ നല്ല കുടുംബാന്തരീക്ഷമുണ്ടാവണം. ജീവിതത്തിൽ പ്രതിസന്ധികൾ നേരിടുമ്പോൾ തുണയാവുന്നതു EQ ആണ്. വീട്ടിൽ നമ്മുടെ മക്കൾ പഠിക്കുന്ന പാഠങ്ങളാണ് പ്രതിസന്ധിയിൽ അവർക്കു തുണയാവുന്നതു. കന്യകയായ താൻ ഗർഭിണിയായാൽ മരണശിക്ഷ ലഭിച്ചേക്കാമെന്ന തിരിച്ചറിവിലും മറിയം പറയുന്നത്, 'ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ 'എന്നാണ്. കുരിശുമരണം വരിക്കാൻ ക്രിസ്തു തയ്യാറാവുമ്പോഴും പറയുന്നത്, 'എങ്കിലും എന്റെ ഇഷ്ടം അല്ല നിന്റെ ഇഷ്ടം നിറവേറട്ടെ' എന്നാണ്. പ്രതിസന്ധിയുടെ മൂർദ്ധന്യതയിൽ ക്രിസ്തു സംസാരിക്കുന്നതു അമ്മയുടെ വാക്കുകളാണ്. പ്രതിസന്ധികളെ നേരിടാനുള്ള ആത്മവിശ്വാസം കുഞ്ഞുങ്ങൾക്ക് ഉണ്ടാവുന്നത് നല്ല കുടുബാന്തരീക്ഷത്തിൽ നിന്നാണ്. മറ്റെന്തു നൽകിയില്ലെങ്കിലും ജീവിത പ്രതിസന്ധികളിൽ അത്താണിയാവുന്ന ഒരു വിശ്വാസവും, എന്തിനെയും നേരിടാനുള്ള ആത്മവിശ്വാസവും കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കാനുള്ള ബാധ്യത മാതാപിതാക്കൾക്കുണ്ട്.

കാലസമ്പൂർണതയിൽ ക്രിസ്തുവിന്റെ അമ്മയാവാൻ ദൈവം ശ്രദ്ധാപൂർവം തിരഞ്ഞെടുത്ത സ്ത്രീയാണ് മറിയം. ക്രിസ്തീയ രക്ഷാകർതൃത്വത്തിന്റെ പാഠപുസ്തകമാണ് വിശുദ്ധ അമ്മ. നമ്മുടെ ജീവിതത്തിലും രക്ഷാകർതൃത്വത്തെ ദൈവീക നിയോഗമായി എടുക്കുക. അതിനെ നിസാരവത്കരിക്കാൻ നമുക്കവകാശമില്ല.

# Musings



— Mary Mathew (Mini), (ID: M-167)



*Bonjour Madame!*
*Good cheer, tidings, eh?*
*What's in your gift wrap,*
*now?*
*speak, tell.*

*Jan through July*
*strife, fret, disease,*
*death, sorrow.*
*What's your logic*
*in giving me this gloom?*

*Hark! you can kill me*
*but not my spirit.*
*I am invincible -*
*a spark from the divine.*

*Oh dear, oh dear!*
*This too shall pass.*
*It's only a course*
*to rethink and unwind.*

*You were out of time*
*and out of mind.*
*Thought If I give 'em back,*
*it would be sublime.*

*Eh.... that sounds good.*
*Some time and mindfulness.*
*That's good, I suppose*
*for me and my kind.*

*Time to bond,*
*time to enjoy*
*love of kith and kin*
*pray, is above all worldly ploy.*

*Angels around me,*
*striving by day and night*
*to give me health - my*
*'wealth'.*
*Brethren, my head bows*
*down*
*in gratitude.*

*Time to learn and relearn;*
*grow wings on passion;*
*to share and care,*
*I have caught unaware.*

*Live simple, think high,*
*Tune in with nature,*
*Love all, hate none.*

*My lessons at this juncture.*
*Life is so beautiful.*
*So much to do....*
*So much to go....*
*Forget, forgive and*
*be off with your ego.*

*Blessings outweigh my*
*sorrows.*
*Lo! I am alive.*
*Thank God! May*
*Thy will sway*
*and let mankind thrive!*

*Prayer and Praise -*
*two hands of faith.*
*will walk me to my creator*
*and keep away from*
*the enemy's bait.*

*Merci, merci Madame*
*a consciousness so*
*precious,*
*for me, my kin*
*and all on the earth.*

# നല്ല വ്യക്തിത്വം



— വൃന്ദ എം. വിജി (ID: V-188)

ഏതൊരാളിന്റെയും വ്യക്തിത്വമാണ് ആ ആളിന്റെ ആകർഷണീയമായ ഘടകം. ഒരു നല്ല വ്യകതിത്വത്തിന്റെ ഉടമയായിരിക്കാനാണ് നാമെല്ലാം ആഗ്രഹിക്കുക. നല്ല സ്വഭാവ ശുദ്ധിയുള്ളവർക്കേ നല്ല വ്യക്തിയായിരിക്കുവാൻ സാധിക്കുകയുള്ളു. ഈശ്വര ഭയമാണ് അറിവിന്റെ ആരംഭം. അറിവ് ലഭിക്കുന്നതിനുവേണ്ടി നാം വിദ്യ അഭ്യസിക്കുന്നു. എല്ലാ മേഖലയിലുമുള്ള അറിവ് ഒരാളുടെ സ്വഭാവത്തെ സ്വാധീനിക്കുന്നു. നല്ലൊരു പങ്കുള്ളതുപോലെ ഒരാളുടെ ആത്മീയ ജീവിതത്തിലെ അറിവിനും പ്രാധാന്യമുണ്ട്. ഒരു നല്ല വ്യക്തിയാകണമെങ്കിൽ കഴിവതും പാപം ചെയ്യാതിരിക്കുക. പാപം അല്ലെങ്കിൽ 'SIN'–ലെ 'I' മാറ്റുക ഇല്ലെങ്കിൽ ഞാനെന്ന ഭാവം മാറ്റി നാം ദൈവത്തിൽ ശൂന്യമായാൽ ദൈവത്തിന്റെ SON ആകും അവിടുത്തെ പുത്രനാകും.

ശരിയായ കാര്യങ്ങൾ ശരിയായ രീതിയിൽ ശരിയായ സമയത്ത് നാം ചെയ്യണം. നാം വിവേകമുള്ളവരായിരിക്കണം. നാം ചെയ്യേണ്ടത് എന്താണെന്നും ചെയ്യരുതാത്തത് എന്താണെന്നും തീരുമാനിക്കാനുള്ള കഴിവാണ് വിവേകം. തെറ്റും ശരിയും ഏതാണെന്ന് കണ്ടുപിടിക്കുക എളുപ്പമാണ്. എന്നാൽ ശരിയായ കര്യങ്ങൾ പോലും എപ്പോഴും ചെയ്യുന്നത് ശരിയായിക്കൊള്ളണമെന്നില്ല. ശരിയായ കാര്യം തക്കസമയത്ത് ചെയ്യുന്നതാണ് വിവേകം. ഈ വിവേകപരമായ പെരുമാറ്റം ശ്രേഷ്ഠമായ പെരുമാറ്റ ശൈലിയാണ്.

നാം എപ്പോഴും വാക്കിലല്ല, നല്ല കാര്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരണം. നാം ചെറിയ കാര്യങ്ങൾ ആണെങ്കിൽ പോലും അതിൽ സത്യസന്ധത പാലിക്കണം. അല്പത്തിൽ വിശ്വസ്ഥൻ



അധികത്തിലും വിശ്വസ്ഥൻ എന്ന് ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചു. അതുപോലെ എത്ര നിസ്സാര കാര്യമായാൽ പോലും സത്യസന്ധതയും വിശ്വസ്തതയും കാണിക്കണം. സത്യസന്ധത ഏതൊരാളുടെയും വ്യക്തിത്വത്തിന്റെ മാറ്റു കൂട്ടുന്നു.

കഠിനാദ്ധ്വാനം, ലാളിത്യം, മുതിർന്നവരെ ബഹുമാനിക്കൽ, ഇത്യാദി ഗുണങ്ങൾ ഒരു നല്ല വ്യക്തിയിൽ കാണുന്നു. ഈ ഗുണങ്ങൾ നമ്മിലും വളർത്തിയെടുക്കണം. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് പ്രകാശമാക്കണം മറ്റുള്ളവർക്ക് നമ്മുടെ സ്നേഹത്തിന്റെയും പരിചരണത്തിന്റെയുമൊക്കെ ശക്തി കൊടുത്തുകൊണ്ടാണ് നാമും സ്വയം ശക്തിയാർജ്ജിക്കേണ്ടത്. മറ്റുള്ളവർക്ക് സ്നേഹം കൊടുത്താൽ, സ്നേഹപൂർവ്വം മറ്റുള്ളവരെ പരിചരിച്ചാൽ അതുവഴി തീർച്ചയായും മറ്റുള്ളവർക്ക് പ്രകാശമാകും.

(പേജ് 7–ൽ നിന്നും)

## പരിശുദ്ധ അമ്മ, സഭയുടെ മാർഗ്ഗദീപം

കല്യാണവുമൊക്കെ മറിയാമെന്ന പെൺകുട്ടിയെ ആഴമായി സ്വാധീനിച്ചു എങ്കിൽ അവളുടെ വാക്കുകളിൽ കർത്താവിന്റെ ദാസി എന്ന പ്രഖ്യാപനം ഉണ്ടാകുകയില്ലായിരുന്നു. തന്നെപ്പറ്റി ചിന്തിക്കാതെ ദൈവത്തെപ്പറ്റി ചിന്തിക്കുവാൻ കഴിഞ്ഞു എന്നതാണ് മറിയാമിന്റെ വിശ്വാസ വിളംബരത്തിന്റെ മഹനീയത.

ശ്രേഷ്ഠമായ ഒരു വിശ്വാസത്തിൽ നിന്നു മാത്രമേ ഇത്തരം വിശ്വാസ വിളംബരങ്ങൾ ഉണ്ടാകുകയുള്ളൂ. "വിശ്വാസമല്ലോ വിളക്ക് മനുഷ്യന്, വിശ്വാസം ജീവസർവ്വസമല്ലോ" എന്ന മഹാകവി കുമാരനാശാന്റെ വാക്കുകൾ അന്വർത്ഥമാകുന്ന വിശ്വാസ വിളംബരം ആണ് പരിശുദ്ധ മാതാവിന്റേത്.

പ്രതികരണം ജീവിതത്തെ അളക്കുന്ന മുഴക്കോൽ ആണ്. മറിയാമിന്റെ പ്രതികരണം ആഴമായ വിശ്വാസ ജീവിതത്തിന്റെ ബഹിർസ്ഫുരണം ആണ്. ലാഘവമേറിയ ജീവിതത്തെപ്പറ്റിയുള്ള പ്രതീക്ഷകളും, എങ്ങനെ ഭാരങ്ങളെ കുറയ്ക്കണം എന്ന അന്വേഷണങ്ങളും ആണ് ആധുനിക സമൂഹത്തെ ഭരിക്കുന്നത്. എന്നാൽ ഭാരങ്ങളെ കുറിച്ച് ഒരു ഭാരവും താങ്ങുവാൻ കഴിയുകയില്ല എന്ന മാനസിക അവസ്ഥയിലേക്ക് നാം എത്തപ്പെടുമ്പോൾ വലിച്ചെറിയുന്ന ജീവിതങ്ങൾ നമുക്ക് ചുറ്റും ധാരാളമായി പിറക്കുന്നു. ആത്മസമർപ്പണമാണ് ഏറ്റവും വലിയ ആത്മീയത എന്ന വലിയ പാഠമാണ് മറിയാം ഈ വിശ്വാസ പ്രഖ്യാപനത്തിലൂടെ തലമുറകൾക്ക് പങ്കുവയ്ക്കുന്നത്.

### 5. സമർപ്പണത്തിന്റെ നിറവായ പരിശുദ്ധ

ക്രൈസ്തവ വിശ്വാസത്തിലെ ഏറ്റവും അർത്ഥപൂർണ്ണമായ പദമാണ് സമർപ്പണം. സുരക്ഷിത ബോധത്തിന്റെയും, സാമ്പത്തിക സൗഭാഗ്യങ്ങളുടെയും പരിണിത ഫലമാണ് സമർപ്പണം എന്ന ചിന്തകൾ നവീന ആത്മീയത പങ്കുവയ്ക്കുമ്പോൾ സമർപ്പണത്തിന്റെ വിലയും വേദനയും പരിശുദ്ധ കന്യക മറിയാം ഓർമ്മിപ്പിക്കുന്നു. പ്രസവിക്കുവാൻ ഇടം തേടി അലയേണ്ടി വന്ന ഗതികേട് മറിയാമിന്റെ സമർപ്പണത്തിന്റെ ഭാഗമാണ്. പ്രസവ ശേഷം കുഞ്ഞിനെയും മാറോടണച്ച് മരുഭൂമിയിലൂടെ ഒളിച്ചോടേണ്ടി വന്നതും ആത്മസമർപ്പണത്തിന്റെ ഭാഗമാണ്. തന്റെ മകൻ ക്രൂശിൽ പിടഞ്ഞു മരിക്കുന്ന കാഴ്ച കണ്ട് നിൽക്കേണ്ടി വന്നതും മറിയാമിന്റെ സമർപ്പണജീവിതത്തിന്റെ ഭാഗമാണ്. ഭൗതിക നേട്ടങ്ങളുടെ സാധ്യത നോക്കാതെ ദൈവീക ശുശ്രൂഷയ്ക്കായി ജീവിതം വിട്ടുകൊടുക്കുക എന്ന വിശാല അർത്ഥമാണ് മറിയാമിന്റെ സമർപ്പണം വിളംബരം ചെയ്യുന്നത്. സഭ പലരും കരുതുന്നതുപോലെ സംഘടിത മതത്തിന്റെ ബലമല്ല മറിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കാരുണ്യം നിറഞ്ഞ വലിയ മനസ്സിനെ ആണ് പ്രതിഫലിപ്പിക്കുന്നത്. അതുകൊണ്ടാണ് മദർ തെരേസ കുറിച്ചിട്ടത്, "ക്രിസ്തുവിന്റെ പ്രകാശം പ്രദാനം ചെയ്യാത്ത വാക്കുകൾ അന്ധകാരത്തെ വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്". ജീവിത വിശുദ്ധികൊണ്ടും, പ്രവർത്തി ചൈതന്യം കൊണ്ടും, ആത്മസമർപ്പണത്തിന്റെ അസുലഭ പ്രഭ കൊണ്ടും ജീവിതം ധന്യമാക്കിയ ദൈവപ്രസവത്രിയുടെ ഭക്തിയും കർമ്മവും തലമുറകൾക്ക് ഉണർത്തുപാട്ടാണ്. യഥാർത്ഥ ഭക്തന്മാർ മരിക്കുന്നില്ല. അവർ തങ്ങളുടെ വിശ്വാസത്തിൽ നീതിമാനായി എന്നേക്കും ജീവിക്കും. "അവർ ആകാശ മണ്ഡലത്തിലെ പ്രഭപോലെയും, പലരെയും നീതിയിലേക്ക് തിരിക്കുന്ന നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനി. 12:3). പ്രത്യേയ ശാസ്ത്രങ്ങളുടെ സമ്മർദ്ദങ്ങൾക്കോ, വികലമായ ആത്മീയ രൂപങ്ങളുടെ വൈകാരിക തിമിർപ്പിനോ ഈ പരിശുദ്ധി ഇല്ലാതെയാക്കുവാൻ കഴിയുകയില്ല.

# ജനിച്ച മണ്ണും പ്രവാസിയും



— ഷിജു കടവിൽ (ID: S-326)



കൊതിക്കുന്നു ഞാൻ പെറ്റ നാടേ
തിരിച്ചുനിന്റടുത്തോടിയെത്താൻ
പച്ചമണ്ണിന്റെ ചൂടുശ്വാസമെൻ
ഒച്ചകൾക്കു കൂട്ടാകുമ്പോൾ

മഹാമാരിയുടെ  മരണഗന്ധമെൻ
ഇടനെഞ്ചിൻ തുടിപ്പുകൂട്ടുമ്പോൾ
മുറിപ്പാടുണങ്ങാത്ത വേദനകളുടെ
മഷിപുരണ്ട മധുരയോർമ്മ

പെട്ടെന്ന് വന്നൊരു വിശേഷവാർത്ത
പ്രവാസിയെ നാട്ടുകാർ കല്ലെറിഞ്ഞു പോൽ
പെറ്റ നാടുവിട്ടതോ കൂട്ടുകാരെ വിട്ടതോ
പറഞ്ഞു തരിക ചെയ്തപരാധം എന്ത് ഞാൻ

ചുട്ടുപൊള്ളുന്നൊരീ മരുഭൂമിയിൽ
ചട്ടുകം പോൽ പഴുത്തു ഞാൻ
ചെയ്തുകൂട്ടിയ ജോലിയെല്ലാം
പെറ്റ നാടേ നിനക്ക് വേണ്ടി

അത്തറിന്റെ രൂക്ഷ ഗന്ധം കൊണ്ടറിഞ്ഞു
അത്തറു  വാങ്ങാൻ വന്നിരുന്നവർ
പെട്ടിപൊട്ടിക്കുന്നതും കാത്തു
പാത്തു നോക്കിനിന്നവരും

ദൂരേക്ക് പോകുന്നു തലവെട്ടം കാണുമ്പോൾ
ഓടിയൊളിക്കുന്നു പണ്ട് കുപ്പി കാത്തുനിന്നവർ
കൊണ്ട് വന്ന മിട്ടായിപാട്ട പോലും
തൊട്ടു നോക്കാതോടിയൊളിക്കുന്നവർ

അച്ഛാ എന്നും വിളിച്ചു ഓടിവരുന്നെന്റെയീ
കുഞ്ഞു മോള് മാത്രം കൂട്ടിനിപ്പോൾ
മിട്ടായി തിന്നവർ, കുപ്പി പൊട്ടിച്ചവർ
സെന്റടിച്ചവർ ട്രിപ്പ് പോയവർ

വിട്ടുപോയി നാട്ടുകാർ പെട്ടി നോക്കാതെ
പൊട്ടിക്കരഞ്ഞെന്നെ യാത്രയാക്കിയവർ
പെട്ടെന്നിങ്ങു വാ എന്ന് പറഞ്ഞവർ
എന്തിനിപ്പോൾത്തന്നെ വന്നെന്നു ചോദിപ്പൂ

സെന്റ് വേണം, കുപ്പി വേണം
മിട്ടായി വേണമീന്തപ്പഴം വേണം
തുണി വേണം, മണി വേണം,
മധുരപലഹാരങ്ങളേറെ വേണം

ഇപ്പോഴോ വെണ്ടയാർക്കുമീ
പാവം പ്രവാസിയെ
ഈ സമയവും കടന്നു പോകും
കോറോണയൊരു വെറുമൊരോർമയാകും
ഫ്ലൈറ്റുകൾ വരും, പെട്ടികൾ വരും
മധുരപലഹാരവും സെന്റും വരും

നാട്ടിലെത്തി ചുറ്റിക്കറങ്ങുന്ന
സ്വപ്നവും പേറി ഞാൻ ഓടിയെത്തും
ആ  സ്വപ്നവും പേറി
ഞാൻ ഓടിയെത്തീടുമ്പോൾ
ആട്ടിപ്പായിച്ചു വിട്ടീടല്ലേ എന്നെ
ആട്ടിപ്പായിച്ചു വിട്ടീടല്ലേ

ജീവിച്ചു പൊക്കോട്ടെ,
ജീവിച്ചു പൊക്കോട്ടെ,
സ്വന്തനാട്ടിൽ ഞാനും
പെറ്റ നാടിൻ  സുരക്ഷിതത്വത്തിൽ

# Challenges and opportunities in the midst of a pandemic



— Garry P. Roy (ID S-073)

*"You have made the Lord your defender, the Most High you protector and so no disaster will strike you"* – Pslams 91 : 9-10

On March 11, 2020 the World Health Organization (WHO) declared Covid – 19 as a global pandemic. Till then many of us confined at home were on the hope that the disease will end in a few months but with the above declaration it became positive that the war against the virus was just a beginning.

Sitting at home facing lockdown is one of the biggest challenges faced by today's teenagers. Many of us are so used to being around with our friends. Now being stuck at home, we are facing many mental challenges. It is a good time to start with hobbies like reading, cooking, painting and to get engaged in other skills and thus to keep ourselves entertained.

Since the advent of the pandemic, online classes has become a part of our student life. Our screen time has increased three folds with the starting of online classes. It is very important to give rest to our eyes and brain, so avoid using gadgets as much as possible. The pandemic is also a time to remain fit by exercising thus warding off the virus. Our spiritual well being also should be nourished through family prayer, attending devotional speeches etc.

The pandemic has had a clear impact on the planet and its people. These times are challenging, helping us to learn from our mistakes and to learn how to handle such situations. "IF we had no winter, the spring would not be so pleasant." Even when this pandemic ends, the world will never be the same again. As a devoted Christian I hope surely, we will overcome this by our stern faith and trust in Almighty God.





# I love you my Lord



— Juhan Abraham (ID: A-326)

I love you my God (2)
You are my light (2)
You are my everything (2) (I Love ….)

You made me alive (2)
Oh! God I cannot live without you (2)
You are the light of the world (2)
I love you, I love you
Please ! don't leave me (2) (I love You)

You are my strength(2)
So please don't leave me (2)
I cannot live without you (2) (I love You)



# Growing in Resilience



— Fiona Sarah Prakash (ID: P-093)

Faith is so crucial to our everyday functioning, yet faith can be fragile. If someone who lost their faith after growing going through a long difficult stretch, 'Resilient faith' is a quality of faith that is able to see us through trouble, temptation and trials and even come through stronger.

In earlier Ephesians 6:10-18 Paul talks about how to have power for living and what right relationship look like for Christians. As we all know "life is on pause" so take this time to reflect and take a step back. Resiliency is the ability to cope with stress and adversity and bounce back to a previous state of normal functioning. We have faith that is resilient and strong.

Ephesians 6: 10- 18 is an encouragement for us all. Put on the full Armour of God, so that you can take your stand against the devil's schemes. Stand firm then, with the belt of truth buckled around your waist, with the breastplate of righteousness in the place and with you feet fitted with readiness that comes from gospel of peace.

Paul says our struggle is not always against people, it is against the power of spiritual forces. He calls it the devil's schemes.

Matthew said Satan tried to tempt Jesus when he was in wilderness (Matthew 4: 1). Paul said Satan is a deceiver (Corinthians-II 11: 3). Peter says our enemy the devil prowls around like a roaring lion looking for someone to devour (Peter-I 5: 8).

Life is bit strange at this moment. Things have been changing very quickly recently. A person with resilient faith pushes past that initial discomfort and soon begins to realise that there are greater joy and satisfaction ahead.

The breastplate of righteousness covers the vulnerable chest and heart providing security. Having our feet fitted or shod with readiness that comes from the gospel of peace is crucial for success. Resilient person have the shield of faith with which can extinguish all the flaming arrows of the evil one.

Being alert and praying on all occasions, in all seasons with all kinds of prayers is one way for the Holy Spirit to empower us and strengthen us in our inner being. Powerful things happen when our faith is resilient, we are changed, encouraged and strengthened, what seemed impossible become possible comfort obtained and battles are won.

The Armour is god's gift to us, but it is only effective if we wear it. Then, we will be equipped to face life's difficulties with courage and faith that strong and resilient enough to meet any need.






# കെ. ഐ. ഫിലിപ്പ് റമ്പാൻ: മലങ്കര സഭാ മിഷണറി ജ്യോതിസ്സ്

**ആചാര്യേശാ മശിഹാ !**
**കൂദാശകളർഷിച്ചോ**
**രാചാര്യന്മാർക്കേകുക**
**പുണ്യം നാഥാ ! സ്തോത്രം**

മലങ്കര ഓർത്തഡോക്സ് സഭയുടെ പുതുപ്പാടി ആശ്രമാംഗം വയലത്തല മാർ സേവേറിയോസ് സ്ലീബ ഇടവകയിലെ വൈദിക പാരമ്പര്യമുള്ള പാറമേൽ കരിമ്പനേത്ത് കുടുംബാഗം ആയ വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ എൺപത്തിയാറാം വയസ്സിൽ സെപ്തംബർ ഏഴാം തീയതി കാലത്ത് അഞ്ചു മണിക്ക് ഇഹലോകവാസം വെടിഞ്ഞു.

1934 സെപ്തംബർ 20–ാം തീയതിയിൽ ജനനം. ദൈവഭയത്തിൽ വളർന്ന ഫിലിപ്പിനെ 1949 ൽ കുടുംബാഗമായ വടശ്ശേരിയത്ത് ഗബ്രിയേൽ കോർ എപ്പിസ്കോപ്പാ കൈവയ്പ്പു നൽകി. മറ്റുള്ളവർക്ക് വേണ്ടി ജിവിക്കുമെന്ന ആഗ്രഹം പലപ്പോഴും അമ്മ ഏലിയാമ്മയുമായി പങ്കുവച്ചിരുന്നു. ഫിലിപ്പ് തന്റെ യൗവനകാലം അനാഥമന്ദിരങ്ങളും അവിടെ തുള്ളിക്കളിക്കുന്ന കൊച്ചു കുട്ടികളും അവരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു വൈദിക ജീവിതവും സ്വപ്നം കണ്ടിരുന്നു. വയലത്തല സെന്റ് മേരീസ് പള്ളിയിലെ നിരന്തര പ്രസംഗകനായിരുന്ന എം. വി. ജോർജ് ശെമ്മാശന്റെ (അഭിവന്ദ്യ ഓസ്ത്താത്തിയോസ് തിരുമേനി) പ്രസംഗവും പ്രവർത്തനങ്ങളിലും ആകൃഷ്ടനായി ജോയി കുട്ടി എന്ന ഫിലിപ്പ് തന്റെ ആഗ്രഹങ്ങളെ വൈദികവൃത്തിയിലേക്കും സന്യാസത്തിലേക്കും നയിച്ചു. തന്റെ സ്വപ്നങ്ങളും അമ്മയോടുള്ള ഉറപ്പിന്റെയും ഭാഗമായി ഫിലിപ്പ് 1956 ജൂലൈ 2–ന് മാവേലിക്കര സെന്റ് പോൾ സുവിശേഷാലയത്തിൽ ചേർന്നു.

1958–ൽ സെമിനാരിയിൽ ചേർന്നു. 1961 ജൂൺ 22–ന് ശെമ്മാശനായി. 1962 ജൂൺ 26 ന് കടമ്പനാട് പള്ളിയിൽ വച്ച് അഭി. കുറിലോസ് തിരുമേനി (പരി. മാത്യൂസ് ദ്വിതിയൻ ബാവാ) കശ്ശീശപട്ടം നൽകി.



### ജീവിത സൗന്ദര്യത്തിന്റെ പുതിയ മുഖം...

സന്യാസത്തിന്റെ മാധുര്യ പ്രതിഭാസത്തിലുടെ ആത്മാവ് നടത്തുന്ന തിർത്ഥയാത്രയുടെ ആരംഭം... 1962–ൽ തന്നെ കൊല്ലം ഭദ്രാസനത്തിലെ സഞ്ചാര സുവിശേഷകൻ 1963–ൽ ഭിലായ് ഇടവക വികാരി അവിടുന്ന് 1965 മെയ് 25–ന് പുതുപ്പാടിയിലേക്ക് പിന്നെ സ്ഥിരതയോടെ സമർപ്പണ ത്യാഗത്താൽ സ്നേഹം കൊണ്ട് തൊട്ടത് ഒക്കെ ആത്മീയ ചൈതൃനത്താൽ പൊന്നാക്കി ശ്രേഷ്ഠവും അതുല്യവുമായ സേവനം ചെയ്യുന്ന അത്ഭുത പ്രതിഭാസം... 1977–ൽ ആന്ധ്രാ ചുഴലിക്കാറ്റ് താണ്ഡവനൃത്തമാടിയിടത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ അമരക്കാരൻ... ലാളിത്വവും ചുമതലബോധവും മനസിലാക്കിയ ആന്ധ്ര ഗവണ്മെന്റിന്റെ അവാർഡും പ്രശംസപത്രവും... 1980–ൽ പനയമ്പാല കരുണഗിരിയിലും... 1985–ൽ യാച്ചാരം ബാലഭവന്റെയും ഡയക്ടറായി... കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുഞ്ഞുങ്ങളെ വളർത്തുവാൻ തുടങ്ങി.... ബാല്യത്തിൽ നെയ്തെടുത്ത സ്വപ്ന സാക്ഷാൽകാരത്തിന്റെ പൂർത്തികരണം... കൂടാതെ 1993–ൽ പുനഃദേഹു ബാലിക ഭവന്റെയും, ഇറ്റാർസി ബാലഭവന്റെയും ഡയറക്ടറായി. 1994–ൽ കലഹണ്ടി പ്രോജക്ടിന്റെ ഡയറക്ടറായി. 1994 സെപ്തംബർ 20–ന് പരി. മാത്യൂസ് ദ്വിതിയൻ കാതോലിക്ക ബാവാ തിരുമേനിയിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1998–ൽ ഒറീസ്സ ചുഴലിക്കാറ്റിനെ തുടർന്ന് 8 ഗ്രാമങ്ങൾ പുനഃനിർമ്മാണത്തിന് നേതൃത്വം നൽകിയതിന് ഒറീസ്സ സർക്കാരിന്റെ പ്രത്യേക അവാർഡ്... 2000 ജനുവരിയിൽ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഭൂമിയിൽ ദൈവപരിപാലനയുടെ കരങ്ങൾ അനേകരിലേക്ക് നീട്ടി ചുമതലകൾ ഏറ്റെടുത്തുള്ള ദൗത്യം... 2002–ൽ ബാംഗ്ലൂർ എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിന് വേണ്ടി തുംകൂർ ദയാഭവന്റെ പ്രധാന ചുമതല... 2004–ൽ സുനാമി ദുരിതകാലത്തും റമ്പച്ചന്റെ കരുണയും കരവും നിലയ്ക്കാത്ത കൈത്താങ്ങലായി. ദുരന്തഭൂമിയിൽ അദ്ദേഹം നിറസാന്നിദ്ധ്യമായിരുന്നു... 2007–ൽ ബാംഗ്ലൂർ സ്നേഹ സദനവും ട്രീനിറ്റി ഹൈസ്ക്കൂളിന്റെയും ഭരണ ചുമതല... ഓർത്തഡോക്സ് മിഷ്യൻ ബോർഡിന്റെ കലവറയില്ലാത്ത അനേകം പ്രവർത്തനങ്ങളുടെ അക്ഷയ സേവനത്തിന്റെ അതുല്യ പ്രതികമായിരുന്നു ഫിലിപ്പ് റമ്പാച്ചൻ.

ഭാരതത്തിലുടനീളം സഞ്ചരിച്ച് അനാഥർക്കും, രോഗികൾക്കും, കുട്ടികൾക്കുമായി ആശ്രയ കേന്ദ്രങ്ങൾ നിർമ്മിച്ചു നൽകി. വയറ്റിൽ ചുറ്റിത്തിരിയുന്ന വിശപ്പിന്റെ തീജ്വാലയേറ്റ കരുവാളിച്ചു പോയ കുഞ്ഞുങ്ങൾക്ക് സാന്ത്വന സ്പർശമായി റമ്പച്ചൻ. രോഗത്തെ വെല്ലുവിളിച്ച് തന്റെ കഷ്ടപ്പാടുകളിൽ നവചൈതന്യത്തോടെ ആദ്ദേഹം കൈയ്യും മെയ്യും മറന്നു മിഷണറിയായിരുന്നു വന്ദ്യ റമ്പാച്ചൻ. പ്രകൃതിക്ഷോഭത്താൽ തകർന്ന ഭാരതത്തിലെ വിവിധ ഗ്രാമങ്ങളുടെ പുനരുദ്ധാരണത്തിനും നേതൃത്വം നൽകിയ റമ്പാനെ 2016–ൽ ഓർഡർ ഒഫ് സെന്റ് ജോർജ്ജ് ബഹുമതി നൽകി പുതുപ്പള്ളി പള്ളിയും മലങ്കര സഭാ കതോലിക്കേറ്റ് അവാർഡും നൽകി ആദരിച്ചിട്ടുണ്ട്. തന്റെ കർമ്മ മേഖലകളിൽ തനിക്കു ലഭിക്കുന്ന അംഗീകാരങ്ങൾ "Not for me, but for others" എന്ന തത്വത്തിലദ്ദേഹം ഉറച്ചു നിന്നിരുന്നു. എന്നിരുന്നാലും തനിക്കു ലഭിച്ച അവാർഡുതുകകൾ കൂടി ഉപയോഗിച്ചാണ് ബാംഗ്ലൂരിലെ ദയാ ഭവൻ പടുത്തുയർത്തിയത്

വന്ദ്യ റമ്പാച്ചൻ തന്റെ എൺപ്പത്തിയാറാം വയസ്സിൽ ഈ ലോകത്തിലെ പ്രവർത്തന മണ്ഡലത്തിൽ നിന്നും വിശപ്പും ദാഹവും ശോകവും നിരാശയും വെള്ളിയും പൊന്നും ഒന്നും ഇല്ലാത്ത സ്വർഗ്ഗത്തിലെ കർമ്മ മേഖലയിലേക്കു പ്രവേശിച്ചു. വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചനു മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ROAD TO HEALTHY LIVING IN CHILDREN



**Dr. Anoj Oommen (ID: O-005)**
*MBBS,DCH,DNB,MRCPCH(UK)*
*Resident Paediatrician at CICU, Leicester Royal Infirmary, UK*
*(Sunday School Alumnus – MGOME, Muscat)*

COVID-19 has been a challenging time for parents with children schooling from home. Maintaining a healthy eating habit in children during these unprecedented times is quite daunting. A nutritional diet is essential to support a child's healthy growth and development into adulthood.

5 keyways you can help your child maintain a healthy lifestyle:

- **Be a good role model**
- **Encourage 60 minutes of physical activity in a day**
- **Keep to child-size portions**
- **Eat healthy meals, drinks and snacks**
- **Less screen time and more sleep**
- **Being a good role model**

One way to instil good habits in your child is for you to be a good role model. Children learn by example. You can encourage your child to be active and eat well by doing so yourself.

Set a good example by going for a walk or bike ride instead of watching TV or surfing the internet. Playing in the park or swimming with your children encourages them to enjoy these moments. It's also a great opportunity for you all to bond together in this digital driven age. Any changes you make to your child's diet and lifestyle are much more likely to be accepted if the changes are small and is applicable to the whole family.

## • Get active

Children need about 60 minutes of physical activity a day for good health, but it doesn't need to be all at once. Several short 10-minute or even 5-minute bursts of activity throughout the day can be just as good as an hour-long stretch.

For younger children, it can take the form of active play, such as ball games using playground swings, climbing frames and see-saws.
For older children it could include riding a bike, skateboarding, walking to school, skipping, swimming, dancing and martial arts.

## • Child-size portions

Try to avoid feeding your child oversized portions for their meals. A good rule of thumb is to start meals with small servings and let your child ask for more if they're still hungry. Try not to make your child finish everything on the plate or force them to eat more than they want to.




It is also essential to avoid using adult-size plates for younger children as it encourages them to eat oversized portions.

Always encourage your child to eat slowly and have set mealtimes. You can use the mealtimes as an opportunity to catch up on what's happened during the day.

It's important to remember that your kids aren't born with a craving for French fries and pizza and an aversion to broccoli and carrots. This conditioning happens over time as kids gets exposed to unhealthy food choices. However, it is possible to "reprogram" your children's food cravings so that they crave healthier foods instead.

## • Eat healthy meals (5 A Day rule)

Children, just like adults, should aim to eat 5 or more portions of fruit and vegetables every day. Getting 5 A Day shouldn't be too difficult. Almost all fruit and vegetables count towards your child's 5 A Day, including fresh, tinned, frozen and dried.

Discourage your child from having sugary or high-fat foods like sweets, cakes, biscuits and sugar-sweetened soft and fizzy drinks, such foods and drinks tend to be high in calories and low in nutrients. Aim for your child to get most of their calories from healthier foods like fruit and vegetables, and starchy foods like bread, potatoes, pasta and rice (preferably wholemeal). Whether they're toddlers or in their teens, children develop a natural preference for the foods they enjoy the most. To encourage healthy eating habits, the challenge is to make nutritious choices appealing.

Don't ban sweets entirely. Having a no sweets rule is an invitation for cravings and overindulging when given the chance.

## • Less screen time and more sleep

Limit the amount of time your child spends on inactive pastimes such as watching television, playing video games and playing on electronic devices. There's no hard and fast rule on how much is too much, but experts say children should watch no more than 2 hours of television each day and remove all screens (including mobile phones) from their bedroom at night.

Adequate sleep also helps a child's physical development. It's been shown children who don't have the recommended amount of sleep are more likely to be overweight and have a negative impact to their behaviour patterns.

# മുട്ട ഗ്രീൻപീസ് ഫ്രൈ



— ബിജി ജേക്കബ് (ID: T-079)

## ചേരുവുകൾ

- വേവിച്ച ഗ്രീൻപീസ് 1 കപ്പ്
- മുട്ട 2 എണ്ണം
- സവാള വലുത് 2 എണ്ണം
 (ചെറുതായി അരിഞ്ഞത്)
- പച്ചമുളക്. 2 എണ്ണം
 (ചെറുതായ് അരിഞ്ഞത്)
- മുളക് പൊടി 1/2 ടീസ്പൂൺ
- കുരുമുളക് പൊടി 3/4 ടീസ്പൂൺ
- മഞ്ഞൾപൊടി 1/4 ടീസ്പൂൺ
- ഗരംമസാലപ്പൊടി 1/4 ടീസ്പൂൺ
- ഉപ്പ് ആവശ്യത്തിന്
- എണ്ണ 1 1/2 ടേബിൾ സ്പൂൺ
- കറിവേപ്പില 2 തണ്ട്



## പാചകം ചെയ്യുന്ന വിധം

ചുവടുകട്ടിയുള്ള ഒരു പാനിൽ എണ്ണ ചൂടാക്കി സവാളയും പച്ചമുളകും കറിവേപ്പിലയും വഴറ്റി മൂപ്പിക്കുക. സവാളയുടെ നിറം മാറിവരുന്ന സമയം പൊടികൾ എല്ലാം ഇട്ടു ഉപ്പു ചേർത്ത് ഒരു മിനിറ്റ് വഴറ്റുക. പൊടികൾ പാകത്തിന് മൂത്തു കഴിഞ്ഞാൽ അടുപ്പിൽനിന്നു മാറ്റി ഇതിലേക്ക് രണ്ട് മുട്ടയും വേവിച്ചു വച്ചിരിക്കുന്ന ഗ്രീൻപീസും നന്നായി യോജിപ്പിച്ചു ചെറു തീയിൽ ഒന്നുകൂടി ചിക്കി ഇളക്കി തോരൻ പോലെ ആക്കി മാറ്റുക.
ചൂടോടു കൂടി കഴിക്കുക...


പരിശുദ്ധ മറിയമേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!



Wilson C. I. & Family
Chittilappally House, Pazhanji, Kunnamkulam

Mother Mary, Prayer for Us !



Inserted by
Sabu Koshy & Family
Kizhakkedathu (H), Bharatheepuram, Achal






1. What unique literary genre did Jesus use to preach his message?
2. Name the place where Jesus grew up after returning from Egypt.
3. Who wrote the book 'Acts of the Apostles'?
4. On what island was Paul shipwrecked?
5. According to Jesus, who is his brother, sister and mother?
6. Which tribe of Israel looked after their religious affairs?
7. "You are the Christ, the Son of the living God." Who said these words?
8. According to the Beatitudes who will inherit the world?
9. What are the twelve gates of the New Jerusalem made from?
10. What was the food of John the Baptist?
11. What was the childhood name of Parumala Thirumeni?
12. Year of Coonan Cross Oath.
13. What is the significance of the 'Marvahsas'?
14. Who convened the Synod of Nicea?
15. What is the measurement of 'Thablita'?
16. What is the meaning of the word 'Ramban'?
17. How many cycles are there in the calendar of our church?
18. Those who are celebrating birthdays are remembered in …Thubden.
19. Name the Synod that designated Gregory of Nazianzus as 'Theologos.'
20. The baptizand is sealed three times on the forehead in the name of ....

**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 30th October 2020.**

• Members of the editorial board and their family members are excluded from the kids Quiz Contest. • Children below 14 years can only participate.

• Winners will be selected by a draw if the right answers are more than one and the result will be published in the next edition. • The decision of the Vineyard Committee will be final.



# Children In Drawing Competition

**Draw a pencil sketch based on "Noah's Ark" (Genesis 6:14)**

Name: ……………………………………………………………………………………………………

Age : …………… Parent's name: …………………………………………………………………

Church ID: ……………………… Contact no.: ………………………………………………………

**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 30th October 2020.**

- Children below 10 years can only participate.
- Coloring is not allowed. Drawing should be done on plain white paper only. Coloured paper, lined paper or any other kind of papers is not allowed.
- Pencil shading is allowed.
- Winner will be announced in the next edition.
- The decision of the Vineyard committee will be final.

## GENERAL QUIZ




### പഴയ നിയമം

1. അമ്മായിയമ്മയുടെ അനുമതി പ്രകാരം കാലാപെറുക്കുന്നതിന് പോയ മരുമകൾ ആരായിരുന്നു?
2. പരിശ്രമശീലൻ എന്ന് കണ്ടിട്ട് ശലോമോൻ കാര്യവിചാകരക നാക്കിത്തീർത്ത യൗവ്വനക്കാരൻ ആരായിരുന്നു.?
3. ആടുകളെ മേയിക്കുന്നവരായി ഏഴുപുത്രിമാരുണ്ടായിരുന്ന മിദ്യാനിലെ പുരോഹിതൻ ആരായിരുന്നു?
4. അപ്പന്റെ ആടുകളെ മേയ്ച്ചുവന്ന പുത്രി ആരായിരുന്നു.?
5. അപ്പന്റെ ആടുകളെ മേയ്ച്ചുവന്ന പുത്രൻ ആരായിരുന്നു?

### പുതിയ നിയമം

6. മകൻ ദുഷ്ടനും നിഷ്ഠൂരനും ആയിരുന്നെങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതുകൊണ്ട് കരുണ ലഭിച്ചതാർക്കായിരുന്നു.?
7. മൽക്കോസിന്റെ ഛേദിക്കപ്പെട്ട കാത് സൗഖ്യമാക്കിയതാര്.?
8. തനിക്കുണ്ടായിരുന്ന നിലം വിറ്റ് അപ്പോസ്തോലന്മാരുടെ കാൽക്കൽ വച്ച കുപ്രോസ് ദ്വീപുകാരനായ ലേവ്യൻ ആരായിരുന്നു.?
9. ഭക്തനും ഉദാരമതിയും ആയിരുന്ന കൈസര്യയിലെ ശതാധിപൻ ആരായിരുന്നു.?
10. ചങ്ങലയാൽ ബന്ധിതനായി റോമിൽ എത്തിയ പൗലോസിനെ ആശ്വസിപ്പിച്ച കൂട്ടുകാരൻ ആർ?

### സഭാ ചരിത്രം

11. ഉദയം പേരൂർ സുന്നഹദോസ് നടന്ന വർഷം ഏത്.?
12. ഉദയം പേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടിയതും നടത്തിയതും ആര്?
13. കൂനൻ കുരിശു സത്യം നടന്ന വർഷം ഏത്.?
14. മുളന്തുരുത്തി സുന്നഹദോസ് നടന്ന വർഷം ഏത്.?
15. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയതും നടത്തിയതും ആര്.?

### പൊതു വിജ്ഞാനം

16. യു.എൻ സെക്യൂരിറ്റി കൗൺസിലിൽ സ്ഥിരം അംഗങ്ങൾ ആയിട്ടുള്ള രാജ്യങ്ങൾ ഏതെല്ലാം.?
17. ക്യൂൻ എലിസബേത്ത് രണ്ടിനു ശേഷം വരുന്ന കിരീടാവകാശി ആരാണ്.?
18. യു.എൻ. സെക്രട്ടറി ജനറൽ ആരാണ്.?
19. ഇൻഡ്യയുടെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു.?
20. ആർക്കാണ് ഇന്ത്യയിൽ ആദ്യമായി നോബേൽ സമ്മാനം ലഭിച്ചത്.?

**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 30th October 2020.**

• Members of the editorial board and their family members are excluded from the General Quiz Contest. • Winners will be selected by a draw if the right answers are more than one and the result will be published in the next edition. • The decision of the Vineyard Committee will be final.

# കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 108-ാം വാർഷികം ആചരിച്ചു



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിന്റെ 108–ാം വാർഷികം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സെപ്തംബർ 15–ാം തീയതി മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു.

നിയമാധിഷ്ഠിതമായ നീതി നിർവ്വഹണത്തിലൂടെ മലങ്കര സഭയിൽ ശ്വാശ്വത സമാധാനം ഉണ്ടാകുവാൻ വിവേകത്തോടെയും ദൈവാശ്രയത്തോടെയും ഏവരും പരിശ്രമിക്കണമെന്നും ഇന്നലെകളെ മറന്നും ഇന്നിനെ പരിഗണിക്കാതെയും നാളെയെ മുമ്പിൽ കാണാതെയും ഉള്ള യാതൊരു നിലപാടുകളും മലങ്കര സഭയ്ക്ക് സ്വീകരിക്കാൻ സാധ്യമല്ല. ഭാവി തലമുറയെ കൂടി വ്യവഹാരത്തിലേക്ക് തള്ളിവിടാത്ത വിധത്തിലുള്ള മാർഗ്ഗങ്ങൾ ആണ് നാം സ്വീകരിക്കേണ്ടത്. ഭരണകൂടം അധികാരം ദുരുപയോഗം ചെയ്ത് മലങ്കര സഭയ്ക്ക് നീതി നിഷേധിച്ചപ്പോഴൊക്കെ മലങ്കര സഭ നീതിന്യായ കോടതികളെ സമീപിക്കുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ അതിക്രമത്തിന്റെ മാർഗ്ഗം സ്വീകരിക്കുകയോ നിയമം കൈയ്യിലെടുത്ത് തെരുവിൽ ഇറങ്ങുകയോ ചെയ്തിട്ടില്ല, ചെയ്യുകയുമില്ല. 1912–ൽ സ്ഥാപിക്കപ്പെട്ട മലങ്കരയിലെ കാതോലിക്കേറ്റിന് വ്യക്തമായ നിർവ്വചനം നൽകിയത് 1934–ലെ സഭാ ഭരണഘടനയാണ്. ഈ നിർവ്വചനം പൂർണ്ണതയിലെത്തിയത് 2017–ലെ സുപ്രീം കോടതി വിധിയോടെയാണെന്നും ബാവ പറഞ്ഞു.

അധികാരവും സമ്പത്തും നേടുക എന്ന ദുരുദ്ദേശത്തോടു കൂടി വൈദേശിക ഇടപെടൽ ഉണ്ടായതാണ് മലങ്കര സഭയിൽ ഭിന്നതകളും തർക്കങ്ങളും ഉടലെടുക്കാൻ കാരണമായത്. കേരളത്തിൽ നാട്ടുരാജാക്കന്മാരും വിശിഷ്യ ഹൈന്ദവ സമൂഹവും മാർത്തോമ്മാ നസ്രാണികളെ ചേർത്ത് നിർത്തുകയും പ്രത്യേക പദവികൾ നൽകി ആദരിക്കുകയും ചെയ്തത് അവർ കാണിച്ച വിശ്വാസ്യത കണക്കിലെടുത്താണെന്നും അദേഹം കൂട്ടിച്ചേർത്തു. കാതോലിക്കേറ്റ് അരമനമാനേജർ ഫാ. എം. കെ. കുര്യൻ അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. കുര്യൻ തോമസ് കരിപ്പാൽ, സഭാ മാനേജിംഗ് കമ്മറ്റി അംഗം എ. കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. മലങ്കര സഭയുടെ എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും കാതോലിക്കേറ്റ് പതാക ഉയർത്തുകയും, സഭയ്ക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

## Diocesan Council and 10th Anniversary Celebration of H.G. Dr. Geevarghese Mar Youlios in Ahmedabad Dioceses





Diocesan Council held on 3rd September 2020 under the Presidentship of Our Diocesan Metropolitan HG Dr. Geevarghese Mar Youlios . Due to Covid 19 pandemic Council members attended the meeting through online platform and some of the members were physically present.

On 4th September Council meeting started after the Holy Qurbana, and the Qurbana was celebrated by Our beloved Metropolitan. On the gracious occasion Rev. Fr. George Abraham the Vicar of St. Mary's Orthodox Cathedral Ahemedabad and Sabha managing committee member gave the floral bouquet and congratulated to H.G. for completing 10 years of officially taking charge of our Ahmedabad Diocese.

## വി.ശൂനോയോ നോമ്പ്



മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹായിടവകയുടെ ആഭിമുഖ്യത്തിൽ 2020 ഓഗസ്റ്റ് 13–ാം തീയതി വ്യാഴാഴ്ച വൈകിട്ട് വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനോടനുബന്ധിച്ചു കൺവൻഷൻ നടത്തപ്പെട്ടു. കൺവെൻഷന് ബാംഗ്ലൂർ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. എബ്രഹാം മാർ സെറാഫിം നേതൃത്വം നൽകി. കോവിഡ് –19–ന്റെ പ്രത്യേക സാഹചര്യത്തിൽ കൺവെൻഷൻ 'വെർച്വൽ' ആയിട്ടാണ് സംഘടിപ്പിച്ചത്. കൺവെൻഷന് ഇടവക വികാരി റവ. ഫാ. പി. ഒ. മത്തായി, ഇടവക സഹ വികാരി റവ. ഫാ. ബിജോയി വർഗീസ്, ഇടവക ട്രസ്റ്റി സാബു കോശി, കോ–ട്രസ്റ്റി, കോശി എം. തരകൻ, സെക്രട്ടറി നിധീൻ ചിറത്തിലാട്ട് എന്നിവർ നേതൃത്വം നൽകി.

## ആരോഗ്യപ്രവർത്തകരെ അനുമോദിച്ചുകൊണ്ട് 'സ്നേഹാർപ്പണം 2020' നടത്തപ്പെട്ടു




മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹായിടവകയിലെ ആരോഗ്യമേഖലയിൽ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ പ്രിയ സഹോദരി സഹോദരന്മാരെ അനുമോദിച്ചുകൊണ്ട് കൊണ്ട് 'സ്നേഹാർപ്പണം' എന്ന പേരിൽ ജൂൺ 19–ാം തീയതി വെള്ളിയാഴ്ച ഒരു VIRTUAL മീറ്റിംഗ് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി ആരോഗ്യ പ്രവർത്തകരെ ആശീർവദിച്ചു കൊണ്ട് മുഖ്യ പ്രഭാഷണം നടത്തി. ഇടവക മെത്രാപ്പോലിത്ത അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. വർഗീസ് പി. പുന്നൂസ് (Psychiatrist - Govt Medical College Kottayam) മോട്ടിവേഷണൽ സ്പീച്ച് നടത്തുകയുണ്ടായി. കൂടാതെ, ഓമനിലുള്ള എല്ലാ ഓർത്തഡോക്സ് ഇടവകകളിലെയും വൈദികർ യോഗത്തിൽ പങ്കെടുത്തു. പരിപാടികൾക്ക് ഇടവക വികാരി റവ. ഫാ. പി.ഒ. മത്തായി, ഇടവക സഹ വികാരി റവ. ഫാ. ബിജോയി വർഗീസ്, ഇടവക ട്രസ്റ്റി ശ്രീ. സാബു കോശി,കോ–ട്രസ്റ്റി ശ്രീ. കോശി എം തരകൻ, സെക്രട്ടറി ശ്രീ. നിധീൻ ചിറത്തിലാട്ട്, കൺവീനർ മാരായ ശ്രീ. തോമസ് ജോൺ, ശ്രീ. ബിജു ജോർജ് എന്നിവർ നേതൃത്വം നൽകി.

## വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ...




മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 7, 8 തീയതികളിൽ ഭക്തിയാദരപൂർവ്വം ആചരിച്ചു.

7–ാം തീയതി സന്ധ്യാനമസ്കാരത്തിന് ശേഷം മലങ്കര സഭയിലെ അനുഗ്രഹീത പ്രസംഗികൻ റവ. ഫാ. ഫിലിപ്പ് തരകൻ (കൊല്ലം ഭദ്രാസനം) സുവിശേഷ പ്രസംഗവും 8–ാം തീയതി വിശുദ്ധ കുർബാനക്ക് ശേഷം ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാ ശുശ്രൂഷകളും ഓൺലൈൻ ആയി ഇടവക ജനങ്ങളിലേക്ക് എത്തിച്ചു. പെരുന്നാളിന് ഇടവക വികാരി റവ. ഫാ. പി. ഒ. മത്തായി, ഇടവക സഹ വികാരി റവ. ഫാ. ബിജോയി വർഗീസ്, ഇടവക ട്രസ്റ്റി സാബു കോശി, കോ–ട്രസ്റ്റി, കോശി എം. തരകൻ, സെക്രട്ടറി നിധീൻ ചിറത്തിലാട്ട് എന്നിവർ നേതൃത്വം നൽകി.

## ദുരിതാശ്വാസ സഹായം വിദേശ ഇടവകൾക്ക് "ഒരു കൈത്താങ്ങ്"

കോവിഡ്–19മൂലം ദുരിതം അനുഭവിക്കുന്ന പ്രവാസികളെ സഹായിക്കുന്നതിനായി പരിശുദ്ധ ബാവാ തിരുമനസിന്റെ പ്രത്യേക താല്പര്യപ്രകാരം മസ്കറ്റിൽ ഉള്ള എല്ലാ ഇടവകകൾക്കും ഓരോ ലക്ഷം രൂപാ വീതം അനുവദിക്കുകയുണ്ടായി. നമ്മുടെ ഇടവകകളിൽ നിന്നായി ലഭിച്ച അർഹരായ 8 അപേക്ഷകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചു എന്നുള്ളത് ഈ അവസരത്തിൽ തികച്ചും ആശ്വാസകരമായ ഒരനുഭവം തന്നെ.

ഈ തുക അനുവദിച്ചു തന്ന പരി. സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയോടും, പരി. സുന്നഹദോസിനോടും ഊഷ്മളമായ നന്ദി ഭക്ത്യാദരവുകളോടെ അറിയിച്ചുകൊള്ളുന്നു.

## വിശ്വാസവും അതിജീവനവും (FAITH & SURVIVAL) - Virtual Conference





മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹായിടവകയുടെ ആഭിമുഖ്യത്തിൽ 'വിശ്വാസവും അതിജീവനവും' എന്ന വിഷയത്തെ ആസ്പദമാക്കി 2020 ജൂലൈ 30, 31 തീയതികളിൽ Virtual Conference നടത്തപ്പെട്ടു. Covid-19 എന്ന മഹാമാരിയുടെ കാലത്ത് പല വിധത്തിൽ ഉള്ള പ്രയാസങ്ങളിലൂടെ കടന്നു പോകുന്ന നമ്മുടെ ആളുകൾക്ക് ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തെ എങ്ങനെ വിശ്വാസത്തിലൂടെ അതിജീവിക്കാം എന്ന് രണ്ടു ദിവസങ്ങളിലായി നടന്ന കോൺഫറൻസിലൂടെ പ്രഗത്ഭരായ വ്യക്തിത്വങ്ങൾ നമ്മൾക്ക് മനസിലാക്കി തന്നു. ഒന്നാം ദിവസം ആയ ജൂലൈ 30–നു വൈകിട്ട് കുട്ടികൾക്കായി മലങ്കര സഭയുടെ അഭിമാനമായ Mr. Alexin George IPoS, രണ്ടാം ദിവസം ആയ ജൂലൈ 31–ന് മുതിർന്നവർക്കായി പ്രശസ്ത ഫാമിലി കൗൺസിലർ ശ്രീമതി. ഗ്രേസ് ലാലും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മുഖ്യ അതിഥി ആയിരുന്നു. പരിപാടികൾക്ക് ഇടവക വികാരി റവ. ഫാ. പി.ഒ. മത്തായി, ഇടവക സഹ വികാരി റവ. ഫാ. ബിജോയി വർഗീസ്, ഇടവക ട്രസ്റ്റി സാബു കോശി, കോ ട്രസ്റ്റി കോശി എം തരകൻ, സെക്രട്ടറി നിധീൻ ചിറത്തിലാട്ട്, കൺവീനർമാരായ തോമസ് ജോൺ, ശ്രീ. ജോൺ തോമസ് എന്നിവർ നേതൃത്വം നൽകി.

# Sunday School Conference - 2020 "Faith and Survival"

A Conference was organized by Mar Gregorios Orthodox Maha Edavaka and the Sunday School for the students of age 10 years and above on July 30th at 5.15pm through online Zoom Platform.
The conference based on the theme, **"Faith and Survival"**, was presided over by our Vicar and Sunday School President Rev. Fr. P. O. Mathai. Ahmedabad Diocese Metropolitan H.G. Dr. Geevarghese Mar Youlios delivered the opening message and also introduced the main speaker Alexin George IPoS. He is also the son of our former vicar late Rev. Fr. M. C. George. During the theme presentation Mr. Alexin George stressed the importance of 'Faith in God' and 'Faith in ourselves'. He advised the children to interact more with their families and emphasized that the lock down days were the ample time to develop their creativity in many fields. About 400 participants attended the conference. Towards the end, there was a very interactive questions and answers session coordinated by Sunday school teacher Jessy Koshy. Associate Vicar Rev. Fr. Bejoy Varghese and Trustee Sabu Koshy delivered the felicitation speeches. Co-Trustee Koshy M. Tharakan, Secretary Nidhin Chirathilattu, Sunday School Head Mistress Sara Roy and the Sunday School teachers attended the conference.

# 10th and 12th CBSC Winners Felicitation

A Felicitation meeting was conducted by Mar Gregorios Orthodox Sunday School on 17th July at 7 PM through zoom online platform for 2019-20 batch secular school students of 10th and 12th classes, who came out with flying colors . The Vicar and the president of our Sunday School Rev. Fr. P. O. Mathai presided over the meeting and Ahmedabad Diocese Metropolitan H. G. Dr. Geevarghese Mar Youlios delivered the message of blessings to the winners. Associate Vicar Rev. Fr. Bejoy Varghese, Sabha Managing Committee Member Dr. Geevarghese Yohannan, Trustee Sabu Koshy, Co-Trustee Koshy M. Tharakan, Secretary Nidhin Chirathilattu, Sunday School Head Mistress Sara Roy and the Sunday School teachers blessed the children on the auspicious occasion.

# ലോക പരിസ്ഥിതി ദിനം ആചരിച്ചു

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. ഈ വർഷത്തെ ചിന്താവിഷയമായ **'Time for Nature'** എന്ന വിഷയത്തെ അടിസ്ഥാനമാക്കി **Zoom Application** മുഖേന നടത്തിയ **VIRTUAL** യോഗത്തിൽ ഇടവക വികാരി ബഹു. പി. ഓ. മത്തായി അച്ചൻ അദ്ധ്യക്ഷത വഹിച്ചു.
തുടർന്ന് മലങ്കര ഓർത്തഡോക്സ് സഭ **Holy Episcopel Synod** സെക്രട്ടറിയും, മദ്രാസ് ഭദ്രാസനാധിപനും, കോട്ടയം ഭദ്രാസന സഹായ മെത്രപ്പോലീത്തയുമായ ആഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനി മുഖ്യ സന്ദേശം നൽകി **Ecological Balance** ദൈവത്തിന്റെ സൃഷ്ടിയാണ്. ദൈവത്തിന്റെ സൃഷ്ടിയെ താള പിഴയില്ലാതെ സംരക്ഷിക്കേണ്ട ചുമതല മനുഷ്യനുണ്ട്. മനുഷ്യൻ ദൈവത്തിനെതിരെയും, ദൈവം സൃഷ്ടിച്ച സൃഷ്ടിയുടെ താളത്തിനെതിരെയും ചൂഷണപരമായി പ്രവർത്തിക്കുമ്പോൾ താളം അവതാളം ആകുകയും അവതാളം അപകടത്തിലേക്കും പോകുന്നു. സഭയുടെ ആരാധനയിൽ മനുഷ്യന് പ്രകൃതിയോടുള്ള ബന്ധത്തിന് പ്രാധാന്യം നൽകിയാണ് ക്രമീകരിച്ചിരിക്കുന്നത്. യുവജനങ്ങൾ സഹജീവികളായ മറ്റുളവരെ കരുതി പ്രകൃതിയെ ദീർഘവീക്ഷണത്തോടെ ദർശിച്ച് പ്രകൃതിയുടെ താളം നിലനിർത്തുവാൻ സാധിക്കട്ടെ എന്ന് ആശംസിച്ചു.
ഇടവക അസ്സോസിയേറ്റ് വികാരി ബഹു. ബിജോയി വർഗീസ് അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ഇടവക ട്രസ്റ്റി സാബു കോശി ആശംസ അറിയിച്ചു. യുവജനപ്രസ്ഥാന വൈസ് പ്രസിഡന്റ് ബിജു മാത്യു ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. കോ–ട്രസ്റ്റി കോശി. എം. തരകൻ, ഇടവക സെക്രട്ടറി നിഥിൻ ചിറത്തിലാട്ട്, ഭദ്രാസന കൗൺസിൽ അംഗം ബോബൻ മാത്യു തോമസ് എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് ഇടവക വികാരിയുടെ നേതൃത്വത്തിൽ പള്ളി പരിസരത്ത് വൃക്ഷത്തെ നട്ടു. യുവജനപ്രസ്ഥാന സെക്രട്ടറി ആകാശ് മാത്യു വർഗീസ്, ട്രഷറർ ജോമോൻ സാമുവേൽ, ജോ. സെക്രട്ടറി റ്റിജു തോമസ് എന്നിവർ നേതൃത്വം നൽകി.

# Sunday School Online Classes

Mar Gregorios Orthodox Sunday School Muscat has resumed the classes from 5th June 2020 on online platforms during this pandemic situation. The classes were officially inaugurated by the Vicar and the Sunday School president Rev. Fr. P. O. Mathai. 450 students from Maha Edavaka and 50 students from Ibra Congregation actively attend the online lessons for classes 1 to 10 every Friday.

## Sunday School Announcement

OSSAE OKR examination online registration for 10th and 12th classes should be done from 1st October to 15th October. Students are requested to contact Headmistress Mrs Sara Roy or teacher of Class 10, Mrs Jessy Koshy.

## Sunday School Calendar

13th November 2020:
Annual Exam
Std. 1st to 9th & 11th





## “ഷൗക്കത്തിനൊപ്പം”




മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ *ഷൗക്കത്തിനൊപ്പം* എന്ന പരിപാടി നടത്തപ്പെട്ടു. കേരള സാഹിത്യ അക്കാദമി അവാഡ് ജേതാവ് *ശ്രീ. ഷൗക്കത്ത് സഹജോസു* മുഖ്യ അതിഥിയായി പങ്കെടുത്തു. ആത്മീയത, മിതത്വം, ഗുരു, യാത്ര, എഴുത്ത് എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി Zoom Application മുഖേന നടത്തിയ VIRTUAL യോഗത്തിൽ ഇടവക വികാരി ബഹു. പി. ഓ മത്തായി അച്ചൻ അദ്ധ്യക്ഷത വഹിച്ചു.

പ്രസ്ഥാന സെക്രട്ടറി ആകാശ് മാത്യു വർഗീസ് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രശസ്ത സാഹിത്യകാരനും, 2007–ൽ ഹിമാലയം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ഷൗക്കത്ത് സഹജോസു ക്ലാസ് നയിച്ചു. ഒരു ദൈവ വിശ്വാസി ദൈവത്തെ ആരാധിക്കുന്നതിനോടൊപ്പം മനുഷ്യരെയും സഹജീവികളെയും സ്നേഹിക്കാനും അവരെ കരുതുവാനും, അവരോട് ക്ഷമിക്കുവാനും പഠിക്കണം. ക്രിസ്തുവിന്റെ വചനങ്ങളുടെയും പ്രവർത്തനങ്ങളുടെയും സാരാംശം ഇതുതന്നെയാണ്. ഭൂമിയിൽ ജീവിച്ച പല മഹാന്മാരുടെയും ജീവിതങ്ങളും അത്തരത്തിലാണ്. അത് കൊണ്ടാണ് അവർ ഇന്നും ജന ഹൃദയങ്ങളിൽ നിന്ന് മായാതെ നിൽക്കുന്നതും അവരെ നമ്മൾ ഓർക്കുന്നതും. ഗുരു നിത്യ ചൈതന്യയുടെ ജീവിതത്തിൽ നിന്ന് പകർന്നു കിട്ടിയ തന്റെ ആത്മീയ അനുഭവങ്ങളും, യാത്രകളും അദ്ദേഹം പങ്കുവച്ചു.

യുവജനപ്രസ്ഥാന വൈസ് പ്രസിഡന്റ് ബിജു മാത്യു ഏവർക്കും നന്ദിപ്രകാശിപ്പിച്ചു. ഇടവക അസ്സോസിയേറ്റ് വികാരി ബഹു. ബിജോയി വർഗീസ് അച്ചൻ, ഇടവക ട്രസ്റ്റി സാബു കോശി, കോ–ട്രസ്റ്റി കോശി. എം തരകൻ, ഇടവക സെക്രട്ടറി നിഥിൻ ചിറത്തിലാട്ട് എന്നിവർ സന്നിഹിതരായിരുന്നു.

യുവജനപ്രസ്ഥാന ട്രഷറർ ശ്രീ ജോമോൻ സാമുവേൽ, ജോ.സെക്രട്ടറി റ്റിജു തോമസ് എന്നിവർ നേതൃത്വം നൽകി.

## “Liturgical Reflections” പഠന പരമ്പര നടത്തപ്പെട്ടു

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനോട് അനുബന്ധിച്ച് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ "Liturgical Reflections" എന്ന പഠന പരമ്പര നടത്തപ്പെട്ടു. രണ്ട് ആഴ്ചകളായി നടന്ന പരമ്പരയിൽ വി. മാമ്മോദീസ കൂദാശയും, വി. കുർബാനയും അടിസ്ഥാനമാക്കി കോട്ടയം ഓർത്തഡോക്സ് തിയോളോജിക്കൽ സെമിനാരി പ്രൊഫസർ ബഹു. എബ്രഹാം തോമസ് അച്ചൻ, നാഗ്പുർ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളോജിക്കൽ സെമിനാരി പ്രിൻസിപ്പാൾ ബഹു. ജോസി ജേക്കബ് അച്ചൻ എന്നിവർ ക്ലാസ് എടുത്തു.

ജൂലൈ 31, ഓഗസ്റ്റ് 14 എന്നീ വെള്ളിയാഴ്ചകളിൽ നടന്ന ക്ലാസ്സുകളിൽ അമ്പതോളം യുവജനങ്ങൾ പങ്കെടുത്തു.

ഇടവക വികാരി റവ. ഫാ. പി.ഒ. മത്തായി, ഇടവക സഹ വികാരി റവ. ഫാ. ബിജോയി വർഗീസ്, യുവജനപ്രസ്ഥാന വൈസ് പ്രസിഡന്റ് ബിജു മാത്യു, സെക്രട്ടറി ആകാശ് മാത്യു, ജോയിന്റ് സെക്രട്ടറി റ്റിജു തോമസ്, ട്രഷറർ ജോമോൻ ശാമുവേൽ, എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## എട്ടുനോമ്പാചരണവും കൺവൻഷനും (VIRTUAL CONVENTION) നടത്തപ്പെട്ടു




വിശുദ്ധ ദൈവമാതാവിന്റെ ജനനപെരുന്നാളിനോടനുബന്ധിച്ച് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹായിടവക യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ എട്ടു നോമ്പാചരണവും കൺവൻഷനും 2020 ഓഗസ്റ്റ് 31, സെപ്റ്റംബർ 4, 5, 6 തീയതികളിൽ സന്ധ്യാനമസ്ക്കാരം, ഗാനശുശ്രൂഷ, വചനശുശ്രൂഷ, സമർപ്പണ പ്രാർത്ഥന എന്നിവയോട് കൂടി നടത്തപ്പെട്ടു. വചനശുശ്രൂഷയ്ക്ക് മലങ്കര സഭയിലെ അനുഗ്രഹീത പ്രസംഗകരായ റവ. ഫാ. സ്പെൻസർ കോശി, റവ. ഫാ. ജോജി കെ ജോയി, റവ. ഫാ. സി. വി ഉമ്മൻ, റവ. ഫാ. ഷാലു ലൂക്കോസ് എന്നിവർ നേതൃത്വം നൽകി. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ VIRTUAL ആയി ആണ് കൺവെൻഷൻ നടത്തപ്പെട്ടത്.

ഇടവക വികാരി റവ. ഫാ. പി.ഒ. മത്തായി, ഇടവക സഹ വികാരി റവ. ഫാ. ബിജോയി വർഗീസ്, യുവജനപ്രസ്ഥാന വൈസ് പ്രസിഡന്റ് ബിജു മാത്യു, സെക്രട്ടറി ആകാശ് മാത്യു, ജോയിന്റ് സെക്രട്ടറി റ്റിജു തോമസ്, ട്രഷറർ ജോമോൻ ശാമുവേൽ, കൺവീനർമാരായ അജി പി. റ്റി., നെബി തോമസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

### മർത്തമറിയം വനിതാ സമാജം

## ഭദ്രാസന സോണൽ യോഗം

അഹമ്മദാബാദ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വെർച്വൽ സോണൽ മീറ്റിംഗ് സെപ്റ്റംബർ 9 മുതൽ 16 വരെ നടത്തപ്പെട്ടു. **“പഴയ നിയമ കാല പിതാക്കന്മാർ”** എന്ന വിഷയത്തിൽ നടന്ന theme Presentation –ൽ മഹാ ഇടവകയിൽ നിന്നും പങ്കെടുത്ത അനു വിൽസൺ ഒമാൻ റീജിയണിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ബഹുഭൂരിപക്ഷം സമാജംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു.

## കേന്ദ്ര മത്സര പരീക്ഷ

മർത്തമറിയം വനിതാസമാജത്തിന്റെ കേന്ദ്രതലത്തിലുള്ള മത്സര പരീക്ഷ ജനുവരി മാസം നടത്തപെടുന്നതാണ്.

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹായിടവക, മസ്കറ്റ്

# 48-ാമത് പെരുന്നാൾ നിറവിൽ!!



PUBLISHED & OWNED BY

**MAR GREGORIOS ORTHODOX MAHA EDAVAKA**

P. O. Box 984, P.C. 100, Muscat, Sultanate of Oman,
Tel: +968-2470 2606, Fax: +968-2479 0811
e-mail: office@mgomemuscat.com
www.mgomemuscat.com/vineyard

STRICTLY FOR PRIVATE CIRCULATION ONLY